VOL NO: 04 | ISSUE 34
www.nerpatham.com
mail@nerpatham.com


# നേർപഥം

2020 AUGUST 22 | 1442 MUHARRAM 03 | ₹12

വാരിക

## അനാഥരെ സനാഥരാക്കിയ യതീംഖാന പ്രസ്ഥാനം

സ്വാതന്ത്ര്യസമര പോരാട്ടവും പകർച്ചവ്യാധിയും ബാക്കിവച്ച ഒറ്റപ്പെടലിന്റെ വേദനയിൽ നിന്നാണ് കേരളത്തിലെ യതീംഖാന പ്രസ്ഥാനം ഉദയം കൊള്ളുന്നത്. ജീവിതത്തിന്റെ മറുകര കാണാൻ കഴിയാതെ ഭഗ്നാശരായി നിന്ന ബാല്യങ്ങൾക്ക് പായും പങ്കായവുമായി മാറിയത് നിഷ്കാമ കർമികൾ പടുത്തുയർത്തിയ ഈ കൽച്ചുമരുകളായിരുന്നു. സമുദായത്തിന്റെ ബൗദ്ധികോന്നതിയുടെ നട്ടെല്ലായി മാറിയ യതീംഖാനകളുടെ ചരിത്രവും വർത്തമാനവും ഭാവിയും വിശകലനം ചെയ്യുന്നു.




**മനുഷ്യൻ സ്വയംപര്യാപ്തനല്ല**

**വയലേലകൾ അന്യമാകുന്ന മാമലനാട്**

**ചരിത്രത്തെ അപനിർമിക്കുന്ന ഫാഷിസം**

## പ്രവാചകനിന്ദ: വിവേകമുള്ള മുസ്‌ലിംകൾ ചെയ്യേണ്ടത്

പ്രവാചകനിന്ദയുമായി ബന്ധപ്പെട്ട് ബംഗ്ലൂരിൽ നടന്ന സംഘർഷവും നരഹത്യയും അവിവേകത്തിന്റെ ഉൽപന്നമാണ്. പ്രവാചകനെ സോഷ്യൽ മീഡിയയിലൂടെ ഭത്സിച്ചവരും അതിനെ തത്ത്വദീക്ഷയില്ലാതെ തെരുവിൽ തിരുത്താൻ ശ്രമിച്ചവരും ഫലത്തിൽ ചെയ്തത് ഒരേ കാര്യമാണ്. രണ്ടും നബിനിന്ദയുടെ ഇരുപുറങ്ങളായി മനസ്സിലാക്കേണ്ടിവരും.

**വിട പറയൂ അപശബ്ദങ്ങളോട്,**
**കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...**

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840



നേർപഥം
വാരിക

0188 / 2020 ആഗസ്ത് 22 / 1442 മുഹർറം 03 / പുസ്തകം 04 / ലക്കം 34

# അനാഥരെ സനാഥരാക്കിയ യതീംഖാന പ്രസ്ഥാനം

അബൂ ഹംദാൻ ആലത്തിയൂർ

**മുഖമൊഴി**
വയലേലകൾ അന്യമാകുന്ന മാമലനാട് / 05

**ജാലകം**
കുരങ്ങിന് ഏണിവച്ചുകൊടുക്കരുത് / 06
- സി

**വിവർത്തനം**
സൗഭാഗ്യത്തിലേക്കുള്ള പാത / 15
ഡോക്ടർ സഅദുല്ലാഹ്, ബഹ്റൈൻ

**ചർച്ച**
ചരിത്രത്തെ അപനിർമിക്കുന്ന ഫാഷിസം / 21
മുജീബ് ഒട്ടുമ്മൽ

**കവിത**
മലപ്പുറം മഹിമ / 26
ഉമ്മു ഹംദ പറവണ്ണ

**ലേഖനം**
പ്രവാചകനിന്ദ: വിവേകമുള്ള മുസ്‌ലിംകൾ ചെയ്യേണ്ടത് / 07
അബ്ദുൽ മാലിക് സലഫി

മനുഷ്യൻ സ്വയംപര്യാപ്തനല്ല / 18
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

സ്നേഹവായ്പ് / 27
അബ്ദുൽ ജബ്ബാർ മദീനി

അത് ഞാൻ തന്നെയാണോ? / 31
സമീർ മുണ്ടേരി

**ബാലപഥം**
രാജാവും വൃദ്ധനും / 34
പുനരാഖ്യാനം: റാഷിദ ബിൻത് ഉസ്മാൻ

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




# പ്രതിജ്ഞാവാചകങ്ങൾ ജീവിതബന്ധിയാവട്ടെ

കരിപ്പൂരിലെ ആ കറുത്ത രാത്രിയെക്കുറിച്ച് ഒരുപാട് കേട്ടറിഞ്ഞു; ഒരുപാട് വായിച്ചു. അനുഭവത്തിന്റെ ഇന്നലെയിൽനിന്നായതുകൊണ്ട് അതത്രയും കേൾക്കാനോ വായിക്കാനോ പ്രയാസവുമുണ്ടായില്ല. പലതിനും ഒരേ ആശയമായിട്ടും ഒട്ടും ആവർത്തനവിരസതയുണ്ടായില്ല!

വാഴ്ത്തിപ്പറയുന്നത് കേൾക്കാനൊരു സുഖമാണ്. ആ സുഖം ഒരാളൊറ്റക്ക് ആഗ്രഹിക്കുകയും ആസ്വദിക്കുകയും ചെയ്യുമ്പോൾ മാത്രമാണത് തൻപോരിമയും ലോകമാന്യതയുമായി മാറുന്നത്. മാത്രവുമല്ല അയാൾക്കല്ലാതെ ലോകത്ത് മറ്റാർക്കുമത് കേൾക്കാൻപോലും ഇഷ്ടമാവുകയുമില്ല!

എന്നാൽ ഒരു ദേശം, അതുൾക്കൊള്ളുന്ന ജില്ല പലകുറി പലരാൽ വാഴ്ത്തപ്പെടുന്നുവെങ്കിൽ, അഭിമാനത്തോടെ അതിനെക്കുറിച്ച് സംസാരിക്കുന്നുണ്ടെങ്കിൽ അതിൽ അൽപം കഴമ്പ് കാണാതിരിക്കില്ല.

ആ കഴമ്പിന്റെ പ്രകടമായ അടയാളമാണ് കരിപ്പൂരിലെ റൺവേക്കു താഴെ മൊബൈലിന്റെ ഇത്തിരിവെട്ടത്തിൽ ജീവനുവേണ്ടി യാചിച്ചവർക്ക് ആദ്യം തുണയായതും. അതിനാൽ തന്നെയാണത് ചർച്ചയായതും ലോകം അംഗീകരിച്ചതും! ഏറെ അനുകരണീയ മാതൃകയായതുകൊണ്ട് സുമനസ്സുകളുടെ ആത്മാർഥമായ പ്രാർഥനകളിൽ ഇടംനേടിയതും.

ഒട്ടും നിനച്ചിരിക്കാത്തൊരു പ്രശ്നത്തിൽ കൈമെയ് മറന്ന് ഇടപെടേണ്ടിവരുമ്പോൾ അപാകതകളും പ്രയാസങ്ങളും സ്വാഭാവികം. എന്നാൽ അതിലും വലുത് അപരന്റെ ജീവൻ രക്ഷിക്കലാണെന്ന് തിരിച്ചറിഞ്ഞ് അവർ ഓടിയടുത്തില്ലായെങ്കിൽ മരണസംഖ്യ രണ്ടക്കത്തിൽ നിൽക്കുമായിരുന്നില്ല. പ്രഥമഘട്ടത്തിലെ ചടുലമായ നീക്കങ്ങൾ ഒട്ടേറെ പേർ ജീവിതത്തിലേക്ക് തിരിച്ചുനടക്കാൻ കാരണമായെന്ന് പറയുമ്പോൾ; രക്ഷപ്പെട്ടവരുടെ വാക്കുകളാണത് സത്യപ്പെടുത്തുന്നത്.

അപകടസ്ഥലത്തേക്ക് അടുക്കാതിരിക്കാൻ കാരണങ്ങൾ പലതുണ്ടായിട്ടും ഒന്നും നോക്കാതെ 'ഒരു പ്രദേശം' ഓടിയടുക്കുകയായിരുന്നു. എല്ലാവരെയും സ്നേഹിക്കാനും ബഹുമാനിക്കാനും കഴിയുന്ന വിശാല മനസ്സുണ്ടെങ്കിൽ ആർക്കും പറ്റുന്ന പണിയാണിത്. അതുകൊണ്ടാണ് കൊണ്ടോട്ടിക്കാർക്കതിന് കഴിഞ്ഞതും.

മലപ്പുറത്തിന്റെ മഹിമയിൽ നിഷ്കളങ്ക സ്നേഹത്തിന്റെ ഒട്ടേറെ അധ്യായങ്ങൾ വേറെയും വായിച്ചെടുക്കാനാവും. കടലുണ്ടിപ്പുഴയുടെ ആഴിയിലേക്ക് കൂകിപ്പാഞ്ഞെത്തിയ തീവണ്ടിയിലുള്ളവർക്ക് ആദ്യം തുണയായതും പൂക്കിപ്പറമ്പിൽ തീജ്വാലയായി മാറിയ ബസ്സിലെ വിരലിലെണ്ണാവുന്നവരെങ്കിലും രക്ഷപ്പെട്ടതും ഈ സ്നേഹത്തിന്റെ നിദർശനങ്ങളായിരുന്നു.

കേരളത്തിൽ ഏറ്റവുംകുറച്ച് വൃദ്ധസദനങ്ങളുള്ള ജില്ലയും മറ്റൊന്നല്ലെന്നുള്ളത് സ്നേഹത്തിന്റെയും കരുതലിന്റെയും അടയാളമല്ലാതെ മറ്റെന്താണ്?

നമ്മുടെ സിരകളിലൂടെ ഓടുന്ന രക്തമൊന്നാണ്. അതിന്റെ നിറമൊന്നാണ്. നമ്മുടെ വായു ഒന്നാണ്. വെള്ളം ഒന്നാണ്. നാം വസിക്കുന്ന ഭൂമി ഒന്നാണ്. നമ്മുടെ ദൈവം ഒന്നാണ്. നമുക്കിടയിലെ എല്ലാ വൈവിധ്യങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ മനുഷ്യരെന്ന ചിന്തയിൽ പരസ്പരം സ്നേഹവും സഹായവും നൽകി ജീവിക്കുന്നതിന് പിന്നെ എന്താണ് തടസ്സം?

'ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്...' എന്ന് തുടങ്ങുന്ന പ്രതിജ്ഞാവാചകങ്ങൾ സ്കൂളിൽ പഠിക്കുമ്പോൾ ഒരു കടമയെന്നോണം പറഞ്ഞിട്ടുണ്ടാവാം. ജീവിതത്തിൽ അത് സഹജീവി സ്നേഹത്തിലൂടെ കാണിക്കാൻ സാധിക്കണം. അല്ലെങ്കിൽ അത് വെറും പാഴ്വാക്കുകളാണ്.

**-മുസ്‌ലിം ബിൻ ഹൈദർ, തൊടികപ്പുലം**

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

# വയലേലകൾ അന്യമാകുന്ന മാമലനാട്

ആഗസ്റ്റ് 17ലെ ഒരു മലയാള പത്രത്തിന്റെ ഉൾപേജിൽ ഒരു മൂലയിൽ '32 വർഷം: സംസ്ഥാനത്ത് അപ്രത്യക്ഷമായത് 6.75 ലക്ഷം ഹെക്ടർ വയലേലകൾ' എന്ന തലക്കെട്ടിൽ ഒരു വാർത്ത കണ്ടു. സ്വർണക്കടത്തുകേസും കോവിഡ് വ്യാപനവും ധോണിയുടെ പടിയിറക്കവും സംബന്ധിച്ച വിവരണങ്ങൾതന്നെ എമ്പാടും വായിക്കാനുള്ളപ്പോൾ ഈ വാർത്തയുടെ തലക്കെട്ടിനു താഴെയുള്ളത് വായിച്ചവരുടെ എണ്ണം തുലോം കുറവായിരിക്കാനാണ് സാധ്യത!

വാർത്തയിൽ പറയുന്ന കണക്ക് ഏറെ ആശങ്കയുളവാക്കുന്നതാണ്. '32 വർഷത്തിനിടെ സംസ്ഥാനത്ത് 6.75 ലക്ഷം ഹെക്ടർ വയലേലകൾ അപ്രത്യക്ഷമായി എന്നാണു കൃഷി വകുപ്പിന്റെ കണക്ക്. 1955-56 കാലയളവിൽ 7.60 ലക്ഷം ഹെക്ടർ നെൽപാടങ്ങൾ കേരളത്തിലുണ്ടായിരുന്നു. 65-66 വർഷത്തിൽ സംസ്ഥാനത്ത് നെൽകൃഷി ഉൽപാദനം റെക്കോർഡിട്ടു. 70-71 കാലയളവിൽ നെൽപാടങ്ങളുടെ എണ്ണം 8.80 ലക്ഷം ഹെക്ടറായി ഉയർന്നു. നിലവിൽ 2.05 ലക്ഷം ഹെക്ടർ പ്രദേശത്തു മാത്രമാണ് നെൽകൃഷിയുള്ളത്' എന്ന് വാർത്തയിൽ പറയുന്നു.

പ്രതിവർഷം 40 ലക്ഷം ടൺ അരി കേരളത്തിന് ആവശ്യമാണെന്നിരിക്കെ 8 ലക്ഷം ടൺ മാത്രമാണ് ഉൽപാദനം. 32 ലക്ഷം ടൺ അരിക്ക് തമിഴ്നാട്, ആന്ധ്ര, ബീഹാർ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളെ ആശ്രയിക്കണമെന്നർഥം!

ലാഭകരമല്ല എന്ന കാരണം പറഞ്ഞ് കൃഷിയെ അവഗണിക്കുന്ന അവസ്ഥ ഇന്നുണ്ട്. ലാഭം കൂടുതൽ നൽകുന്നതിലേക്ക് ചാഞ്ചാടുന്നവരാണ് മലയാളികൾ പൊതുവെ. ലാഭനഷ്ടങ്ങളെന്ന അളവുകോലിൽ പെടുത്തിയാൽ ജീവൽപ്രധാനമായ കൃഷികൾ പലതും നഷ്ടത്തിൽ തന്നെയാണെന്നാണ് കാണാൻ സാധിക്കുക. കൃഷിയെ ലാഭനഷ്ടങ്ങളുടെ മാറ്റുരക്കലിന് വിധേയമാക്കാതിരിക്കാൻ നാം പാകപ്പെടുകയാണ് വേണ്ടത്. എന്നാൽ സ്ഥിരമായി നഷ്ടം സഹിച്ച് മുന്നോട്ടുപോകുവാൻ കർഷകർക്കു കഴിയില്ലല്ലോ. സർക്കാർ സബ്സിഡിയും കാർഷിക വായ്പ വ്യവസ്ഥയിൽ ഇളവും കൊടുക്കുന്നുണ്ട് എന്നത് ശരിയാണ്. നാമമാത്രമായ സബ്സിഡി പോരാ, കർഷകരെ കടക്കെണിയിൽനിന്ന് രക്ഷിക്കാൻ സാധിക്കുന്ന വിധത്തിൽ തന്നെ സഹായിച്ചാലേ കൃഷി നിലനിർത്താൻ സാധിക്കുകയുള്ളൂ. ആനുകൂല്യങ്ങളും സൗജന്യങ്ങളും നേടുന്നതിനുള്ള ഉപാധിയായി മാത്രം കൃഷിയെ കാണുന്ന ചിലരുണ്ട്. അത് അവസാനിപ്പിക്കുകയും വേണം.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം കൃഷി ഒരു പുണ്യകർമമാണ്. തനിക്ക് സ്വന്തമായി ഉപയോഗിക്കാൻ ഫലമോ ധാന്യമോ ലഭിക്കുമോ എന്ന ആധിയില്ലാതെ തന്നെ കൃഷി നടത്താൻ വിശ്വാസിയെ തയ്യാറാക്കുകയും അതിനു പ്രതിഫലം വാഗ്ദാനം നൽകുകയും ചെയ്യുന്നു ഇസ്‌ലാം.

ഒരു വിശ്വാസി കൃഷിചെയ്താൽ അതിൽനിന്ന് അവൻ ഭക്ഷിക്കുന്നതും അതിൽനിന്ന് മോഷണം പോകുന്നതും പക്ഷികളും മറ്റും ഭക്ഷിക്കുന്നതുമെല്ലാം അയാൾക്ക് ദാനധർമത്തിന്റെ പ്രതിഫലം ലഭിക്കുന്ന കാര്യമാണ് എന്ന് നബിﷺ പറഞ്ഞതായി ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം.

'ഭൂമിയുള്ളവർ അതിൽ കൃഷി ചെയ്യട്ടെ, അല്ലെങ്കിൽ തന്റെ സഹോദരന് കൃഷി ചെയ്യാനായി നൽകട്ടെ' (ബുഖാരി) എന്ന പ്രവാചക വചനം കൃഷിയുടെ പ്രാധാന്യം അറിയിക്കുന്നു.

അധ്വാനിച്ച് ജീവിതവിഭവം കണ്ടെത്താൻ ഏവർക്കും സാധിക്കും വിധമാണ് ഭൂമിയെ അല്ലാഹു സംവിധാനിച്ചിരിക്കുന്നത്. സാങ്കേതികമായ ജ്ഞാനം നേടിയവർക്ക് അങ്ങനെയും പരമ്പരാഗത രീതി സ്വീകരിക്കുന്നവർക്ക് അങ്ങനെയും കൃഷി ചെയ്തു ജീവിക്കാൻ സാധിക്കുന്ന സാഹചര്യം അല്ലാഹുവിന്റെ അനുഗ്രഹമാണ്.

കോവിഡ് തീർത്ത സാമ്പത്തികപ്രതിസന്ധിയും ജോലി നഷ്ടപ്പെട്ട് മടങ്ങിയ പ്രവാസികളും കാർഷിക രംഗത്ത് ഒരു മാറ്റത്തിന് സഹായകമാകുമെന്ന് പ്രത്യാശിക്കാം.

-സി.
mail@nerpatham.com

ജാലകം

# കുരങ്ങിന് ഏണിവച്ചുകൊടുക്കരുത്

ആകാശത്ത് മിന്നിത്തിളങ്ങുന്ന പൂർണചന്ദ്രന്റെ നിഴൽ ദുർഗന്ധംവമിച്ച് കണ്ടാലറയ്ക്കുന്ന ഓടയിലെ വെള്ളത്തിൽ തെളിഞ്ഞുകാണാറുണ്ട്. അതുകൊണ്ട് ആ ചന്ദ്രശോഭയ്ക്കോ അതിന്റെ ഔന്നത്യത്തിനോ യാതൊരു കോട്ടവും തട്ടാറില്ല; ചന്ദ്രൻ അതിന്റെ നിത്യപ്രഭ വിതറിക്കൊണ്ട് മാനത്ത് പരിലസിച്ചു കൊണ്ടേയിരിക്കും.

മുഹമ്മദ് നബിﷺയെക്കുറിച്ച് ആക്ഷേപകരമായി പരാമർശിച്ചുകൊണ്ട് ബാംഗ്ലൂരിൽ ഒരാൾ ഫെയ്സ്ബുക്കിൽ ഒരു പോസ്റ്റിട്ടു. ഇതേറ്റുപിടിച്ച് ആ നാട്ടിൽ ഒരു കലാപമുണ്ടായി. നഷ്ടങ്ങളുണ്ടായി. മരണങ്ങളുണ്ടായി. ഈ നികൃഷ്ടപോസ്റ്റുമൂലം നബിﷺയുടെ മഹത്ത്വം ഇടിയുകയോ, ഈ വൈകാരികമായ അക്രമങ്ങൾ കൊണ്ട് അവിടുത്തെ മഹത്ത്വം ഉയരുകയോ ചെയ്യുന്നില്ല. ചരിത്രയാഥാർഥ്യങ്ങൾക്ക് തമസ്കരിക്കാൻ കഴിയാത്ത, നേരെചൊവ്വെ ചിന്തിക്കുന്ന ലോകത്തെ വിവരമുള്ളവർ അംഗീകരിച്ച് ആദരിക്കുന്ന ഒരു ഉൽകൃഷ്ട വ്യക്തിപ്രഭാവമാണ് നബിയുടേത്. ഓടയിലെ ദുർഗന്ധംകൊണ്ട് ചന്ദ്രന്റെ സൗന്ദര്യത്തിന്ന് ഒരു മങ്ങലും ഏൽക്കുകയില്ല എന്നപോലെ, ദുർഗന്ധപൂരിതമായ മനസ്സും സംസ്കാരവുമുള്ളവർ നബിﷺയുടെ മഹത്ത്വത്തിന്ന് നേരെ കുരച്ചുചാടിയിട്ട് ഒന്നും സംഭവിക്കാനില്ല. ഈ ദുഷ്ടവൃത്തികൾക്ക് നബിﷺയുടെ ജനനത്തോളം പഴക്കമുണ്ട്താനും. പിന്നെയെന്തിനീ വൈകാരികതകൾ?

അന്യായമായ ആക്ഷേപങ്ങൾക്കതീതനായിട്ടല്ല നബിﷺ വളർന്നത്. അദ്ദേഹം കല്ലേറിയപ്പെട്ടു. വീടുവളയപ്പെട്ട് വധശ്രമത്തിന് വിധേയനായി. വിഷം നൽകി അദ്ദേഹത്തിന്റെ കഥകഴിക്കാൻ വരെ ശ്രമമുണ്ടായി. അദ്ദേഹത്തിന്റെ മൃതദേഹത്തെ കട്ടുകടത്താൻ പോലും ശ്രമങ്ങൾ നടന്നിട്ടുണ്ട്. എന്നിട്ടെന്തുണ്ടായി?

അല്ലാഹു പറഞ്ഞു: "സന്മാർഗവും സത്യമതവുമായി തന്റെ റസൂലിനെ നിയോഗിച്ചത് അവനാകുന്നു. അതിനെ എല്ലാ മതത്തിന്നും മീതെ തെളിയിച്ചുകാണിക്കാൻ വേണ്ടി. സാക്ഷിയായിട്ട് അല്ലാഹു തന്നെ മതി" (ക്വുർആൻ 48:28).

തന്നെ അക്രമിച്ച് മുറിവേൽപിച്ചവർക്ക് വിവേകം കൊടുക്കാൻ വേണ്ടി പ്രാർഥിക്കുകയാണ് നബിﷺ ചെയ്തത്. ആ നബിയെ അവിവേകികൾ അധിക്ഷേപിച്ചാൽ കലഹിക്കേണ്ട കാര്യമില്ല. മറിച്ച് നബിﷺയുടെ സന്ദേശം മനുഷ്യരിലേക്കെത്തിക്കാൻ ശ്രമിക്കുകയാണ് വേണ്ടത്.

ഇരുപത്തിരണ്ടു വർഷം നബിﷺയെ ഉപദ്രവിക്കാൻ കിട്ടുന്ന പഴുതുകളെല്ലാം പയറ്റിയ വ്യക്തിയായിരുന്നു അംറുബ്നു ആസ്رضي الله عنه. ഒടുവിൽ അദ്ദേഹം നബിﷺയുടെ അടുത്ത അനുയായി ആയിത്തീർന്നു. പിൽക്കാലത്ത് ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്ക് ഇസ്‌ലാമിക സന്ദേശമെത്തിക്കാൻ നേതൃത്വം നൽകിയത് അദ്ദേഹമായിരുന്നു. നബിനിന്ദ ജീവിതലക്ഷ്യമാക്കിയ പലരും പിൽക്കാലത്ത് നബിﷺയെ അടുത്തറിഞ്ഞിട്ടുണ്ട്; അല്ലാത്തവരുമുണ്ട്. നബിﷺയെ ചെറുപ്പകാലംതൊട്ട് പോറ്റിവളർത്തി, പ്രവാചകനായശേഷവും സംരക്ഷണം നൽകിയ പിതൃവ്യൻ അബൂത്വാലിബ് നബിയിൽ വിശ്വസിച്ചിട്ടല്ല മരിച്ചത്. വിശ്വാസം, സന്മാർഗം എന്നതൊക്കെ കൃത്രിമമായി ഉണ്ടാക്കാൻ കഴിയുന്നതല്ല എന്നു വ്യക്തം. സന്മനസ്സും സത്യാന്വേഷണവുമുള്ളവർക്ക് ലഭിക്കുന്ന ഭാഗ്യമാണത്.

ഒരാൾ പ്രവാചകനെ അംഗീകരിച്ചിട്ടില്ല എന്നതോ, അദ്ദേഹത്തെ നിന്ദിക്കുന്നു എന്നതോ വിശ്വാസികളെ സംബന്ധിച്ച് വൈകാരികമാവേണ്ട വിഷയമല്ല. മുസ്‌ലിംകളെ പരമാവധി പ്രകോപിപ്പിച്ചും ദുർബല ഹൃദയരെയും അവിവേകികളെയും അക്രമംചെയ്യാൻ പ്രേരിപ്പിച്ചും മുതലെടുക്കുന്നവരെ നാം തിരിച്ചറിയണം. ഒന്നുറപ്പാണ്, ഇസ്‌ലാമിക നിയമസംഹിതകളെയും പ്രവാചക ജീവിതത്തെയും വിശുദ്ധ ക്വുർആനിന്റെ അധ്യാപനങ്ങളെയും അവയുടെ യഥാർഥ സ്രോതസ്സുകളിൽനിന്ന് വീക്ഷിക്കുന്ന ഒരാൾക്കും ഇസ്‌ലാമിൽ അപമാനവികമായി ഒന്നും കണ്ടെത്താൻ കഴിയില്ല. കാരണം അത് ദൈവികമാണ്. എന്നാൽ പ്രമാണബദ്ധമല്ലാതെ ഇസ്‌ലാമിനെ ഉൾക്കൊണ്ടവരുടെ ചെയ്തികളും ദുരാചാരങ്ങളും ഇസ്‌ലാമിനെ തെറ്റിദ്ധരിക്കാനും ആക്ഷേപിക്കാനും കാരണമാവും. അതാണ് മുമ്പേ സൂചിപ്പിച്ചപോലെയുള്ള സംഭവങ്ങളിൽ പ്രകടമാവുന്നത്. അതിന്ന് മതം ഉത്തരവാദിയുമല്ല. തീപ്പന്തവും ഏറുകല്ലുകളും മുഴുത്തമുഷ്ടികളും ഇസ്‌ലാം നിലനിർത്താനും പ്രചരിപ്പിക്കാനും ആവശ്യമില്ല. ന്യായവും സത്യസന്ധമായ നിലപാടുംകൊണ്ടാണ് നിലനിൽക്കേണ്ടതും നിലനിർത്തേണ്ടതും. കുരങ്ങിന് ഏണിവച്ചുകൊടുക്കുന്ന വിധത്തിലുള്ള മതാവേശം എല്ലാവർക്കും നാശമേ വരുത്തിവയ്ക്കുകയുള്ളൂ.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com





# പ്രവാചകനിന്ദ: വിവേകമുള്ള മുസ്‌ലിംകൾ ചെയ്യേണ്ടത്

പ്രവാചകനിന്ദകരുടെ അജണ്ടകൾ പലതാണ്. അത് നൂറ്റാണ്ടുകളായി നടന്നുവരുന്നുമുണ്ട്. തികഞ്ഞ അജ്ഞതയോ അല്ലെങ്കിൽ അന്ധമായ വിദ്വേഷമോ ആണ് പ്രവാചക നിന്ദയുടെ മൂലകാരണം. പ്രവാചക നിന്ദയുടെ പേരിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവുകൾ കത്തിയിട്ടുണ്ട്. നിരവധിപേർ കൊല്ലപ്പെട്ടിട്ടുമുണ്ട്. കേരളത്തിലും പ്രവാചകനിന്ദ പലതരത്തിൽ അരങ്ങേറിയിട്ടുണ്ട്.

ബംഗളൂരുവിൽ പ്രവാചകനെﷺ ആക്ഷേപിക്കുന്ന ഫേസ്ബുക്ക് പോസ്റ്റിന്റെ പേരിൽ ഉണ്ടായ സംഘർഷത്തിൽ മൂന്നുപേരാണ് മരണപ്പെട്ടത്. അതിന്റെ പേരിൽ 150 ഓളം പേർ അറസ്റ്റിലാവുകയും ചെയ്തു. നവീൻ എന്ന വ്യക്തിയാണ് ഈ നീചകൃത്യം നടത്തിയത്. അ

യാളെയും പോലീസ് പിടിച്ചിട്ടുണ്ട്. ഈ യൊരു പോസ്റ്റിന്റെ പേരിൽ പിന്നീട് നഗരത്തിൽ നടന്നത് അക്ഷരാർഥത്തിൽ നായാട്ട് തന്നെയായിരുന്നു. ലക്ഷക്കണക്കിന് രൂപ വിലവരുന്ന വസ്തുക്കൾ നശിപ്പിക്കപ്പെട്ടു. നിരവധി വാഹനങ്ങൾ അഗ്നിക്കിരയാക്കപ്പെട്ടു.


മനുസ്മൃതിയുടെ ഇരുണ്ട ലോകത്തേക്ക് ഇന്ത്യയെ തിരിച്ചുനടത്താൻ റിവേഴ്സ് ഗിയറിൽ ഇന്ത്യയെ ഓട്ടിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ ഫാഷിസ്റ്റുകൾക്ക് കുളംകലക്കാൻ നല്ല അവസരമായി. ലോകത്ത് നൂറ്റാണ്ടുകളായി കോടിക്കണക്കിന് മനുഷ്യർ സ്വശരീരത്തെക്കാൾ സ്നേഹിക്കുന്ന പ്രവാചകനെ ഭത്സിക്കുക എന്നത് വിശ്വാസികളുടെ മനസ്സിനെ വേദനിപ്പിക്കുന്ന കാര്യമാണ് എന്നതിൽ സംശയമില്ല. അത് അവരുടെ വിശ്വാസത്തിന്റെ ഭാഗം കൂടിയാണ്. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വിഷപ്പുക പ്രസരിപ്പിക്കുന്ന ഇത്തരം വിഷമനസ്സുള്ളവരെ ശിക്ഷിക്കാൻ ഇന്ത്യയിൽ നിലവിൽ നിയമങ്ങളുണ്ട്. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ തെറ്റുചെയ്തവർ മാതൃകാപരമായി ശിക്ഷിക്കപ്പെടണം.

അതേസമയം, ഈയൊരു പോസ്റ്റിന്റെ പേരിൽ നടന്ന നായാട്ട് എന്തർഥത്തിലാണ് ന്യായീകരിക്കപ്പെടുക? ഏതെങ്കിലും ഒരു വികൃത മനസ്സിൽനിന്ന് പൊട്ടിയൊലിച്ച ചലത്തിന്റെ പേരിൽ വെകിളിപിടിച്ച് അക്രമാസക്തരായി നിരപരാധികളുടെ സ്വത്തുകൾ നശിപ്പിക്കുന്നത് പ്രവാചക സ്നേഹം കൊണ്ടാണോ? വിചാരത്തിന്റെ വഴികൾ വിട്ട് അവിവേകത്തിന്റെ അവസ്ഥയിലേക്കെത്തുന്നതുകൊണ്ട് ആർക്കാണ് ഗുണമുണ്ടാവുക? അതിനിടെ സംഗതി സാമുദായിക സംഘർഷമാവാതിരിക്കാൻ സമീപത്തെ ക്ഷേത്രത്തിന് രാത്രി കാവൽനിന്ന യുവാക്കളുടെ കരുതൽ ഏറെ ശ്രദ്ധ നേടി.

പ്രവാചകനെﷺ സംരക്ഷിക്കാൻ അക്രമത്തിന്റെ വഴികൾ സ്വീകരിക്കലും ഒരർഥത്തിൽ പ്രവാച നിന്ദ തന്നെയാണ്. ലോകത്തിന് കാരുണ്യമായ തിരുദൂതരുടെ ജീവിതത്തിന്റെ ഏടുകൾ മറിച്ച് പഠിക്കേണ്ടത് പ്രവാചകനിന്ദകരെപ്പോലെ ഈ വെകിളിപിടിക്കുന്നവരുടെയും ബാധ്യതയാണ്. തത്ത്വത്തിൽ രണ്ടു കൂട്ടരും നിന്ദ നടത്തുകയല്ലേ ചെയ്തത്? അവിടെ പൊലിഞ്ഞ മൂന്ന് ജീവനുകൾക്ക് ആര് ഉത്തരം പറയും?


നിന്ദകർ ഒരുപക്ഷേ, ഇന്നല്ലെങ്കിൽ നാളെ ആ പ്രവാചകന്റെ അനുയായികളായി മാറിയേക്കും. ചരിത്രത്തിൽ എത്രയോ തെളിവുകളുണ്ടതിന്. ഡെന്മാർക്കിലെ കാർട്ടൂണിസ്റ്റിന്റെ അവസ്ഥ വർത്തമാന സംഭവം മാത്രം. മൂന്ന് കുടുംബത്തെ അനാഥമാക്കിയതിന്റെയും നൂറുകണക്കിന് നിരപരാധികൾ ഇതിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ട് നരകിക്കാൻ പോകുന്നതിന്റെയും ഉത്തരവാദിത്തം പ്രവാചക സ്നേഹത്തിന്റെ ഏത് പേജിലാണ് എഴുതിച്ചേർക്കുക?

വിമർശകരോട് സ്നേഹത്തോടെ സംവദിക്കാനുള്ള മനസ്സാണ് കാര്യങ്ങളെ വികാരത്തോടെ സമീപിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ടത്. പ്രവാചകനെﷺ പഠിക്കാൻ ശ്രമിക്കുന്ന വക്രതയില്ലാത്ത എല്ലാ മനസ്സുകളും അദ്ദേഹത്തെ സ്വീകരിക്കും; അല്ലാഹു ഉദ്ദേശിച്ചാൽ. അത്രയും കാരുണ്യമാണ് സ്വജീവിതത്തിൽ അദ്ദേഹം കാണിച്ചിട്ടുള്ളത്.



പ്രവാചകന്റെ അടിവയറ്റിൽ കുത്തിയിറക്കാൻ വിഷംപുരട്ടിയ കഠാരയുമായി മക്കയിൽനിന്ന് മദീനയിലെത്തിയ ഉമൈർ എന്ന വ്യക്തിയെ, തന്നെ വധിക്കാൻ വന്നതാണ് എന്ന് ബോധനം ലഭിച്ചിട്ടും സ്നേഹത്തോടെ അരികിൽ വിളിച്ച് നെഞ്ചിൽ തടവിയ പ്രവാചകനെﷺ ലോകം കണ്ടിട്ടുണ്ട്.

തന്നെ നാട്ടിൽനിന്ന് പുറത്താക്കിയ മ




ക്കാർ പട്ടിണിയിലാണെന്നറിഞ്ഞപ്പോൾ, അവർക്ക് ഭക്ഷണമെത്തിക്കാൻ ഏർപ്പാടു ചെയ്ത നേതാവിനെ നാം ലോകത്തിന് കാണിച്ചു കൊടുക്കണ്ടേ?

ദിനേനയെന്നോണം പ്രവാചകനിന്ദ നടത്തിയിരുന്ന അബൂഹുറയ്റؓയുടെ മാതാവിനു വേണ്ടി പ്രാർഥിച്ച തിരുദൂതരുടെ മാർഗം നമുക്ക് വിസ്മരിക്കാനാവുമോ?

യുദ്ധവേളയിൽ പോലും ഖൈബറിലെ ഒരു ജൂതസ്ത്രീ നൽകിയ ഭക്ഷണം സ്വീകരിച്ച നബിമാതൃക ലോകം വായിച്ചത് അത്യത്ഭുതത്തോടെയല്ലേ?

ശത്രുവായ ജൂതന്റെ മകൻ രോഗിയാണെന്നറിഞ്ഞപ്പോൾ അവരെ സന്ദർശിക്കാൻ പ്രവാചകൻﷺ പോയത് എന്താണ് നമുക്ക് നൽകുന്ന സന്ദേശം?

ബഹുദൈവവിശ്വാസിയായ മാതാവ് തന്നെ കാണാൻ മദീനയിലെത്തുന്നു എന്നറിഞ്ഞ അസ്മാؓയോട് നിന്റെ മാതാവിനെ മാന്യമായി സ്വീകരിക്കുക എന്നു പഠിപ്പിച്ച തിരുമേനിയുടെ ചര്യ ആരാണ് അനുഷ്ഠിക്കേണ്ടത്?

തന്നെ വധിക്കാൻവരെ പദ്ധതിയിട്ട ശത്രുക്കൾ ഒന്നടങ്കം മക്കാവിജയസമയത്ത് തന്റെ മുന്നിലെത്തിയിട്ടും അവരോട് പ്രതികാരം തീർക്കാത്ത പ്രവാചകന്റെ അനുയായികൾക്ക് എങ്ങനെയാണ് പ്രവാചക സ്നേഹത്തിന്റെ പേരിൽ വിവേചനബുദ്ധി നഷ്ടപ്പെട്ട് തെരുവിലിറങ്ങി പന്തങ്ങൾക്ക് തിരികൊളുത്താനാവുക?

പ്രവാചകനെ ഏറെ ഭത്സിച്ചിരുന്ന ദൗസ് ഗോത്രക്കാർക്കെതിരെ പ്രാർഥിക്കണമെന്ന് അനുയായികൾ വന്ന് പറഞ്ഞപ്പോൾ, വാനലോകത്തേക്ക് വദനം തിരിച്ച് സന്മാർഗത്തിന്റെ വെളിച്ചം അവർക്കു നൽകണേ എന്നു പ്രാർഥിച്ച നേതാവല്ലേ മുഹമ്മദ് നബിﷺ?

ത്വാഇഫിൽനിന്ന് തന്നെ കല്ലെറിഞ്ഞോടിച്ചവർക്കുവേണ്ടി നന്മ ആഗ്രഹിച്ച ആ തിരുദൂതരുടെ പാത കാരുണ്യത്തിന്റേതു മാത്രമാണ്.

മുകളിൽ കുറിച്ച കാര്യങ്ങൾ പ്രവാചക ജീവിതത്തിലെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും സാഗരത്തിലെ ചില തുള്ളികൾ മാത്രമാണ്.

ഈ പ്രവാചകനെ പഠിച്ചറിഞ്ഞ ഒരാളും അദ്ദേഹത്തെ നിന്ദിക്കില്ല. അതിനാൽ നിന്ദകർക്കും പ്രവാചകനെ പഠിപ്പിക്കലാവണം നമ്മുടെ അജണ്ട. വൈകാരികതയുടെ പ്രത്യാഘാതങ്ങൾ പ്രവചിക്കാനാവാത്തതാണ്. രമ്യതയാണ് പ്രവാചക വിപ്ലവത്തിന്റെ വിജയ രഹസ്യം.

‘നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുക” (ക്വുർആൻ 3:159).

“നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവനല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല” (ക്വുർആൻ 41: 34,35).

ക്വുർആൻ സൂക്തങ്ങളും പ്രവാചക ചര്യയുമാണ് നമ്മുടെ നിലപാടുകൾ നിർണയിക്കേണ്ടത്. ഫാഷിസ്റ്റുകളുടെ ഒളിയജണ്ടകൾ നടപ്പിലാക്കാനുള്ള വഴിയൊരുക്കാൻ വിവേകമുള്ള മുസ്ലിംകൾക്ക് എങ്ങനെയാണ് സാധിക്കുക?

അബൂ ഹംദാൻ ആലത്തിയൂർ
omarshareefpv@gmail.com



# അനാഥരെ സനാഥരാക്കിയ യതീംഖാന പ്രസ്ഥാനം

**സ്വാതന്ത്ര്യസമര പോരാട്ടവും പകർച്ചവ്യാധിയും ബാക്കിവച്ച ഒറ്റപ്പെടലിന്റെ വേദനയിൽ നിന്നാണ് കേരളത്തിലെ യതീംഖാന പ്രസ്ഥാനം ഉദയം കൊള്ളുന്നത്. ജീവിതത്തിന്റെ മറുകര കാണാൻ കഴിയാതെ ഭഗ്നാശരായി നിന്ന ബാല്യങ്ങൾക്ക് പായും പങ്കായവുമായി മാറിയത് നിഷ്കാമ കർമികൾ പടുത്തുയർത്തിയ ഈ കൽച്ചുമരുകളായിരുന്നു. സമുദായത്തിന്റെ ബൗദ്ധികോന്നതിയുടെ നട്ടെല്ലായി മാറിയ യതീംഖാനകളുടെ ചരിത്രവും വർത്തമാനവും ഭാവിയും വിശകലനം ചെയ്യുന്നു.**

കേരളത്തിലെ ആദ്യത്തെ മുസ്‌ലിം അനാഥാലയമായ ജെ.ഡി.ടി ഇസ്‌ലാം (ജംഇയ്യതുദ്ദഅ്‌വ തബ്‌ലീഗെ ഇസ്‌ലാം 1922) സ്ഥാപിക്കപ്പെട്ടിട്ട് ഒരു നൂറ്റാണ്ടിനോട് അടുക്കുന്ന ഈ അവസരത്തിൽ അഭിമാനിക്കാം ഓരോ മലയാളിക്കും. 'കോഴിക്കോട് കൊളുത്തപെട്ട യതീംഖാന പ്രസ്ഥാനം' എന്ന ഈ വെളിച്ചത്തെ മുസ്‌ലിം കൈരളി ഏറ്റെടുക്കുകയും കേരളം മുഴുവൻ യതീംഖാനകൾ വളർന്നുപന്തലിക്കുകയും ചെയ്ത ഒരു പുതു നൂറ്റാണ്ടിലാണ് നാം. ഒരു മുസ്‌ലിം അനാഥാലയത്തിലെ വിദ്യാർഥി ഇന്ത്യയിലെ അത്യുന്നതമായ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന സിവിൽ സർവീസ് പരീക്ഷയിൽ ഉന്നതവിജയം നേടി ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ (ഐ.എ.എസ്) സേവനം അനുഷ്ഠിക്കു

ന്ന ഈ പതിറ്റാണ്ട് യതീംഖാന പ്രസ്ഥാനത്തിന് തീർച്ചയായും അഭിമാനിക്കാനും ആശ്വസിക്കാനും വക നൽകുന്നതാണ്. സാമ്പത്തിക, വിഭവ പരാധീനതകളും അതിനെക്കാൾ ഏറെ വിമർശനങ്ങളും ആരോപണങ്ങളും സഹിച്ച് ഈ പ്രസ്ഥാനത്തെ കെട്ടിപ്പടുത്ത ത്യാഗിവര്യന്മാരായ യതീംഖാന പ്രസ്ഥാനത്തിന്റെ അമരക്കാർക്കായി പ്രാർഥിക്കാം നമുക്ക്.

ഒരു നൂറ്റാണ്ട് പിന്നിടുന്ന യതീംഖാന പ്രസ്ഥാനം; തിരിഞ്ഞുനോക്കുമ്പോൾ തികച്ചും അഭിമാനിക്കാനും ആശ്വസിക്കാനും വക നൽകുന്നുണ്ട്. ഏതൊരു ലക്ഷ്യത്തിനായി സ്ഥാപിതമായോ ആ ലക്ഷ്യപൂർത്തീകരണത്തിന് അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ച ഒരു മഹാപ്രസ്ഥാനം. ലക്ഷക്കണക്കിന് മനുഷ്യർക്ക്, പതിനായിരങ്ങളാകുന്ന കുടുംബങ്ങൾക്ക് ആശ്വാസവും ജീവിതത്തിന് പുതിയ ദിശാബോധം നൽകാനും, അവരുടെ വരുംതലമുറകൾക്ക് കൂടെ ഉപകാരപ്രദമായ മത-ഭൗതിക വിദ്യാഭ്യാസ പ്രവർത്തങ്ങളാണ് ഈ സംരംഭംവഴി നടപ്പിലായത്.

കേരളത്തിലെ ഓരോ യതീംഖാനക്കും ഒരായിരം വിജയകഥകൾ പറയാനുണ്ട്; മത, രാഷ്ട്രീയ, സാംസ്‌കാരിക, സാഹിത്യ, വിദ്യാഭ്യാസ, കലാ-കായിക, വാണിജ്യ-വ്യവസായ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച തങ്ങളുടെ സന്താനങ്ങളെ കുറിച്ച്. ഓരോ സ്ഥാപനത്തിൽനിന്നും പഠിച്ച് പുറത്തിറങ്ങി സമൂഹത്തിൽ ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേർന്നവരിൽ കോളേജ് പ്രൊഫസർമാർ, സ്‌കൂൾ അധ്യാപകർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, വിവിധ ഗവണ്മെന്റ് സർവീസുകളിൽ ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നവർ മുതൽ എംഎൽഎ മുതൽ മന്ത്രിവരെ ആയവരുണ്ട്. അങ്ങനെ നീളുന്നു ആ പട്ടിക. അനാഥത്വത്തിന്റെ കയ്പുനീര് കുടിച്ച്, പട്ടിണിയും പരിവട്ടവുമായി, പൊതുസമൂഹത്തിൽനിന്ന് പ്രാന്തവത്കരിക്കപ്പെട്ട ഈ അനാഥ മക്കളെ കരുതലോടെ ചേർത്തുപിടിച്ച് സ്‌നേഹവും സാന്ത്വനവും നൽകി പിൽകാലത്ത് ഉന്നത സാമൂഹിക ജീവിതം എത്തിപ്പിടിക്കുന്നതിൽ കൈത്താങ്ങായ ശ്രേഷ്ഠ ദൗത്യമാണ് യതീംഖാനകൾ നിർവഹിക്കുന്നത്. ലക്ഷക്കണക്കിന് അനാഥർക്കും അഗതികൾക്കും അത്താണിയായും, ഭൗതിക വിദ്യാഭ്യാസ മേഖലയിൽ നിവർന്നുനിൽപിന് നട്ടെല്ലായും, മത, ധാർമിക വൈജ്ഞാനിക രംഗത്ത് വിളക്കുമാടവുമായി വർത്തിച്ച മഹാപ്രസ്ഥാനം.

### അനാഥ സംരക്ഷണം: കേരള മോഡൽ

2019ലെ കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന്റെ വാർഷിക റിപ്പോർട്ട് അനുസരിച്ച് 883 സർക്കാർ അംഗീകൃത അനാഥാലയങ്ങൾ ഉണ്ട്.(1) കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്യാത്ത അനാഥാലയങ്ങളുടെ എണ്ണവുംകൂടി കണക്കാക്കുമ്പോൾ നമ്മുടെ കൊച്ചുകേരളത്തിലെ അനാഥാലയങ്ങളുടെ എണ്ണം ആയിരത്തിൽ അധികം ഉണ്ടാകും. ഇതിന് പുറമെ വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗ മന്ദിരങ്ങൾ, സ്ത്രീ സംരക്ഷണ കേന്ദ്രങ്ങൾ, ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള കേന്ദ്രങ്ങൾ തുടങ്ങിയവകൂടി പരിഗണിക്കുമ്പോൾ എണ്ണം പിന്നെയും ഉയരും.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ അവസ്ഥ പരിഗണിക്കുമ്പോൾ മാത്രമെ നമ്മുടെ നാട് ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ തിരിച്ചറിയാനാകൂ. ഓരോ ജില്ലയിലും മിനിമം 3 അനാഥാലയങ്ങൾ എന്ന കേന്ദ്രസർക്കാരിന്റെ ശരാശരി ലക്ഷ്യംപോലും പൂർത്തിയാക്കാതെ, അഞ്ച് ജില്ലകൾക്ക് ഒരു അനാഥമന്ദിരം എന്നതാണ് പല സംസ്ഥാനങ്ങളുടെയും അവസ്ഥ.(2)

വിദ്യാഭ്യാസ, സാക്ഷരത, ആരോഗ്യ മേഖലകളിൽ ആഗോളതലത്തിൽ തന്നെ അക്കാദമിക, ഗവേഷണ രംഗത്ത് 'കേരള മോഡൽ' എന്ന ഒരു സംജ്ഞതന്നെ രൂപപ്പെട്ട തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച നമ്മുടെ കൊച്ചുകേരളം ഏതൊരു മലയാളിയുടെയും ആത്മബോധത്തിന്റെ പ്രതീകമാണ്. ഭൂമിശാസ്ത്രപരമായ സവിശേഷതയും പ്രകൃതിവിഭവങ്ങളുടെ

> **ഒരു നൂറ്റാണ്ട് പിന്നിടുന്ന യതീംഖാന പ്രസ്ഥാനം; തിരിഞ്ഞുനോക്കുമ്പോൾ തികച്ചും അഭിമാനിക്കാനും ആശ്വസിക്കാനും വക നൽകുന്നുണ്ട്. ഏതൊരു ലക്ഷ്യത്തിനായി സ്ഥാപിതമായോ ആ ലക്ഷ്യപൂർത്തീകരണത്തിന് അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ച ഒരു മഹാപ്രസ്ഥാനം. ലക്ഷക്കണക്കിന് മനുഷ്യർക്ക്, പതിനായിരങ്ങളാകുന്ന കുടുംബങ്ങൾക്ക് ആശ്വാസവും ജീവിതത്തിന് പുതിയ ദിശാബോധം നൽകാനും, അവരുടെ വരുംതലമുറകൾക്ക് കൂടെ ഉപകാരപ്രദമായ മത-ഭൗതിക വിദ്യാഭ്യാസ പ്രവർത്തങ്ങളാണ് ഈ സംരംഭംവഴി നടപ്പിലായത്.**

ദൗർലഭ്യതയും മൃദുല പരിസ്ഥിതിയുമൊക്കെയായി പല പരിമിതികൾക്കുള്ളിലും മലയാളികളുടെ മാനവവിഭവശേഷിയും വിദ്യാഭ്യാസവും കഠിനാദ്ധ്വാനശീലവുംമൂലം ലോകഭൂപടത്തിൽ അതിന്റെ കയ്യൊപ്പ് ചാർത്താൻ സാധിച്ചു എന്നതിൽ ഓരോ മലയാളിക്കും അഭിമാനിക്കാം. പക്ഷേ, സാമൂഹിക, മത, നവോത്ഥാനരംഗത്ത് കേരളസമൂഹം കൈവരിച്ച നേട്ടങ്ങൾ ആഗോള തലത്തിൽ എത്രമാത്രം ചർച്ച ചെയ്തിട്ടുണ്ട് എന്നത് ഇനിയും വിലയിരുത്തപ്പെടേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു വിഷയമാണ് കേരളത്തിലെ അനാഥാലയങ്ങളുടെ സേവന ചരിത്രം. മത, സമുദായ ഭേദമന്യെ എല്ലാ വിഭാഗങ്ങളും ഈ രംഗത്ത് അവരുടേതായ പങ്കു നിർവഹിച്ചിട്ടുണ്ട്. പ്രത്യേകിച്ച് മുസ്‌ലിം, ക്രിസ്ത്യൻ സമൂഹങ്ങൾ നിർവഹിച്ച പങ്ക് അതുല്യമാണ്.

2019ലെ, കേരള സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പ് വാർഷിക റിപ്പോർട്ട് അനുസരിച്ച് 883 സർക്കാർ അംഗീകൃത അനാഥാലയങ്ങൾ ഉണ്ട്. ഇതിൽ 119 എണ്ണവുമായി എറണാംകുളം ജില്ല ഒന്നാമതും 102 എണ്ണവുമായി മലപ്പുറം ജില്ല രണ്ടാം സ്ഥാനത്തുമാണ്. (2004 ലെ കണക്ക് പ്രകാരം മലപ്പുറം (72) ഒന്നാം സ്ഥാനത്തും എറണാകുളം (65) രണ്ടാം സ്ഥാനത്തും ആയിരുന്നു. കേരളത്തിലെ മൊത്തം എണ്ണം 551ൽ നിന്ന് 883 ആയി ഉയർന്നു (60% വളർച്ച). മൊത്തം പഠിതാക്കളുടെ എണ്ണം 34005 നിന്ന് 35986 ആയി ഉയർന്നു (6%). മുസ്‌ലിം മാനേജ്മെന്റിന് കീഴിലുള്ള യതീംഖാനകൾ: 2004ൽ 198, 2019ൽ 354. (56% വളർച്ച).



### യതീംഖാനകൾ: ഇന്നലെകൾക്ക് പറയാനുള്ളത്

കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടക്ക് പല പതിറ്റാണ്ടുകളിലായി സ്ഥാപിതമായ ഈ മഹാസ്ഥാപനങ്ങൾ ഓരോന്നും സ്ഥാപിതമായത് ഓരോ സാമൂഹിക സാഹചര്യങ്ങളിൽ ആയിരുന്നു എന്ന് ചരിത്രം വായിക്കുന്നവർക്ക് തിരിച്ചറിയാനാകും. 1922ൽ ജെ.ഡി.ടി യതീംഖാന എന്ന കേരളത്തിലെ ആദ്യത്തെ യതീംഖാന സ്ഥാപിതമായത് 1921ലെ മലബാർ മാപ്പിള സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി അനാഥരായിത്തീർന്ന കുട്ടികൾക്ക് അഭയവും വിദ്യാഭ്യാസവും നൽകുന്നതിനായി പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയായിരുന്ന (ഇസ്‌ലാഹി പ്രസ്ഥാന നേതാവ് കൂടിയായ) മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് പഞ്ചാബിലെ ഒരു പ്രമുഖ ധനിക കുടുംബത്തിലെ കാരണവരും സ്വാതന്ത്ര്യസമര സേനാനിയും ജംഇയ്യത്തെ ദഅ്വത്ത് വ തബ്‌ലീഗെ ഇസ്‌ലാം (ജെ.ഡി.റ്റി ഇസ്‌ലാം) എന്ന സംഘടനയുടെ സ്ഥാപകനുമായ മൗലാന അബ്ദുൽഖാദിർ ഖസൂരിയുമായി ബന്ധപ്പെട്ടു. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ അഭ്യർഥന പ്രകാരം 1921ലെ മലബാർ കലാപാനന്തര മുസ്‌ലിം സമൂഹത്തിന്റെ പതിതാവസ്ഥ നേരിട്ടുമനസ്സിലാക്കുന്നതിനായി അദ്ദേഹം മലബാർ സന്ദർശിക്കുകയും കലാപത്തിനിരയായ കുടുംബങ്ങളിലെ കുട്ടികളെ സംരക്ഷിക്കുന്നതിനായി ജെ.ഡി.റ്റി ഇസ്‌ലാം ഓർഫനേജ് സ്ഥാപിക്കുകയും ചെയ്തു. അങ്ങനെ അബ്ദുൽഖാദിർ ഖസൂരിയുടെ സഹായത്താലാണ് 1922ൽ ജെ.ഡി.റ്റി ഇസ്‌ലാം പിറവികൊള്ളുന്നത്.[3]

1943ൽ പരക്കെ പിടിപെട്ട കോളറമൂലം നിരവധി കുടുംബങ്ങൾ അനാഥമാക്കപ്പെട്ട സാമൂഹിക പശ്ചാത്തലത്തെ ധീരമായി നേരിട്ടുകൊണ്ട് കെ.എം മൗലവി, എം.കെ ഹാജി സാഹിബ്, ഉമർ മൗലവി, കെ.എം സീതി സാഹിബ് എന്നിവരുടെ നേതൃത്വത്തിൽ, നേരത്തേ സ്ഥാപിക്കപ്പെട്ട ജെ.ഡി.റ്റി ഇസ്‌ലാം ഓർഫനേജിന്റെ ശാഖ എന്ന നിലക്ക് 114 അനാഥകൾക്ക് പ്രവേശനം നൽകിക്കൊണ്ട് 1943 ഡിസംബറിൽ തിരൂരങ്ങാടി ഓർഫനേജ് നിലവിൽ വന്നു.[4] കോളറയിൽ മരണപ്പെട്ട ആയിരങ്ങളുടെ അനാഥരായ മക്കൾക്ക് അഭയം നൽകുക എന്ന സാമൂഹിക ഉത്തരവാദിത്തമാണ് സമുദായ നേതൃത്വം അന്ന് നിർവഹിച്ചത്.

22 കുട്ടികളുമായി 1956ൽ സ്ഥാപിതമായ മുക്കം മുസ്‌ലിം ഓർഫനേജ് അനാഥശാലകൾക്ക് വഴികാട്ടിയും പുനരധിവാസ പ്രവർത്തനങ്ങൾക്ക് ശ്രദ്ധയും നൽകിവരുന്ന സ്ഥാപനമാണ്.(5) മുഹമ്മദലി ശിഹാബ് ഐ.എ.എസ് എന്ന വ്യക്തിയിലൂടെ ചരിത്രനിയോഗം പ്രായോഗികമാക്കി മാതൃക സൃഷ്ടിച്ച സ്ഥാപനം.

1961ൽ എടവണ്ണയിൽ യതീംഖാന സ്ഥാപിതമായി. യതീംഖാന നിലനിൽക്കുന്ന സ്ഥലവും 5000 ഉറുപ്പികയും കൊടുത്തുകൊണ്ട് തച്ചറമ്പൻ കമ്മദാജിയാണ് തുടക്കമിട്ടത്. പി.വി. മുഹമ്മദ് ഹാജി എട്ടര ഏക്കർ കവുങ്ങിൻതോട്ടം അതിലേക്ക് വക്വഫ് ചെയ്തു. അത്തിക്കൽ അഹമ്മദ് കുട്ടി ഹാജി തിരുവാലിയിൽ ഒന്നര ഏക്കർ നിലവും യതീംഖാനക്ക് കൊടുത്തു. ജെ.ഡി.റ്റി ഇസ്‌ലാം അനാഥശാലയുടെ ഒരു ശാഖയായിക്കൊണ്ടാണ് തുടങ്ങിയത്.(6)

1969ൽ നിലമ്പൂർ മുസ്‌ലിം ഓർഫനേജ്, ഉദാരഹസ്തനായ നാലകത്ത് ബീരാൻ ഹാജി അനാഥ മക്കൾക്കുവേണ്ടി സംഭാവന നൽകിയ മുപ്പത് ഏക്കർ സ്ഥലത്താണ് നിലവിൽവന്നത്. ആദരണീയനായ സി.എച്ച് മുഹമ്മദ് കോയ സാഹിബാണ് അനാഥമന്ദിരത്തിനു തറക്കല്ലിട്ടത്. നാലകത്ത് ബീരാൻ സാഹിബും ഡോ. എം. ഉസ്മാൻ സാഹിബുമായിരുന്നു ഈ സ്ഥാപനത്തിന്റെ നേതൃത്വം വഹിച്ചിരുന്നത്.(7)

നമ്മുടെ പൂർവസൂരികളായ മഹാരഥന്മാർ സ്വന്തം ധനവും സ്ഥലങ്ങളും നൽകി നട്ടുവളർത്തിയ ഒരായിരം കനിവിന്റെ കഥകൾ പറയാനുള്ള ആയിരം സ്ഥാപനങ്ങളിൽ ചിലത് മാത്രം ഉദാഹരണത്തിന് ഉദ്ധരിച്ച്കൂടുതൽ ദീർഘിപ്പിക്കാതെ ചുരുക്കുകയാണ്. ഈ ചരിത്രങ്ങൾ രേഖപ്പെടുത്തേണ്ടതും വരുംതലമുറകൾക്ക് കൈമാറേണ്ടതുമുണ്ട്. നമ്മുടെ പല സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകൾ പരിശോധിച്ചപ്പോൾ ഈ രംഗത്ത് വലിയ പോരായ്മകൾ ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് ഇത് കുറിക്കുന്നത്. പല സ്ഥാപന വെബ്സൈറ്റുകളിലും സ്ഥാപക നേതാക്കളെ കുറിച്ച് ഒരു വരിപോലും കാണാൻ സാധിച്ചില്ല. മനപ്പൂർവമായിരിക്കില്ല; പക്ഷേ, വൈജ്ഞാനിക രംഗത്ത് ഇന്റർനെറ്റിന്റെ പ്രാധാന്യം മനസ്സിലാക്കി ഓരോ സ്ഥാപനവും അവയുടെ ചരിത്രം ഒരൽപം ദീർഘമായി തന്നെ രേഖപ്പെടുത്തേണ്ടതുണ്ട്. അതിനായി നമ്മുടെ വെബ്സൈറ്റുകളിൽ ഒരൽപം ബൈറ്റ്സ് ചെലവഴിക്കുന്നത് വ്യഥാവിലാവില്ല. ആ സ്ഥാപനങ്ങളിൽ പഠിച്ചവരും പഠിച്ചുകൊണ്ടിരിക്കുന്നവരും ഇനി പഠിക്കാനിരിക്കുന്നവർക്കും ഇന്നലെകളുടെ ചരിത്രം മനസ്സിലാക്കാനും തങ്ങൾക്ക് ഈ സമൂഹത്തിന് തിരിച്ച് ഈ രൂപത്തിൽ എന്ത് നൽകാൻ സാധിക്കുമെന്ന ചിന്തകൾക്ക് വഴിമരുന്നിടാൻ അവയ്ക്ക് സാധിക്കും. അവരിൽനിന്ന് എം.കെ ഹാജിമാരും ഖസൂരിമാരും സൃഷ്ടിക്കപ്പെട്ട് ചരിത്രം ആവർത്തിക്കട്ടെ.



രണ്ടുനേരം കഞ്ഞി കുടിക്കൽ ആഡംബരമായിരുന്ന ഒരു കാലഘട്ടത്തിൽ നൂറുകണക്കിന് യതീം കുട്ടികൾക്ക് മൂന്നുനേരം ഭക്ഷണവും വസ്ത്രവും പുസ്തകങ്ങളും വിദ്യാഭ്യാസവും എല്ലാം സൗജന്യമായി നൽകിയ ഈ സംവിധാനം അന്നത്തെ കുടുംബങ്ങൾക്ക് സ്വപ്നം കാണാൻ പോലും സാധിക്കാത്ത സൗഭാഗ്യമായിരുന്നു. നമ്മുടെ മുൻകാല ഉലമാക്കളും ഉമറാക്കളും അവരുടെ ദൗത്യം നിർവഹിച്ചു. ഈ സ്ഥാപങ്ങൾ അവയുടെ ഇന്നലെകളിൽ അവയുടെ ചരിത്രനിയോഗം പൂർത്തിയാക്കി.

## യതീംഖാനകൾ ഇന്നിന്റെ വർത്തമാനം

പക്ഷേ, യതീംഖാനകളുടെ സമകാലിക വാർത്തകൾ നൽകുന്ന സൂചന അത്ര ശുഭകരമല്ല. ആയിരവും അഞ്ഞൂറും കുട്ടികൾ പഠിച്ചിരുന്ന സ്ഥാപനങ്ങളിൽ നേർപകുതിയോ അതിൽ താഴെയോ ആണ് അംഗസംഖ്യ. ഇതിന് സാമൂഹിക, സാംസ്കാരിക, സാമ്പത്തിക മേഖലകളിൽ മുസ്‌ലിം സമുദായത്തിൽ വന്ന പരിവർത്തങ്ങൾ കാരണമാണ്. സമുദായത്തിന്റെ വളർച്ച നമുക്ക് ആഹ്ലാദകരംതന്നെയാണ്. പക്ഷേ, അതുമാത്രമാണോ ഈ കൊഴിഞ്ഞുപോക്കിന് കാരണം എന്നത് വർത്തമാനകാല നേതൃത്വം ഒരു ആത്മവിചിന്തനത്തിന് തയ്യാറാവേണ്ടതുണ്ട്.

നിരവധി മാനങ്ങളുള്ള ഒരു സാമൂഹിക പ്രതിഭാസമാണ് ഇത് എന്നതിൽ സംശയമില്ല. യതീംഖാനകളുടെ എണ്ണ

ത്തിൽ ഉണ്ടായ വലിയ വർധനവ്, സർക്കാർതല ഭക്ഷ്യസുരക്ഷ, സൗജന്യ വിദ്യാഭ്യാസം, സാമൂഹികനീതി വകുപ്പ്, വിദ്യാഭ്യാസവകുപ്പ് തുടങ്ങിയ സർക്കാർ ഘടകങ്ങൾ നടപ്പിലാക്കുന്ന ജനസേവന പദ്ധതികൾ ഒരു പരിധിവരെ കുടുംബങ്ങൾക്ക് വളരെ ആശ്വാസകരമായ സാഹചര്യം സൃഷ്ടിച്ചു എന്നത് ഈ മാറ്റത്തിന് നല്ല പങ്കുവഹിച്ചു. ഗൾഫ് മേഖലകളിലെ വർധിച്ച ജോലി സാധ്യതകളും അത് നമ്മുടെ നാട്ടിൽ ഉണ്ടാക്കിയ ഗൾഫ് പണം എന്നതും മറ്റൊരു കാരണമാണ്. സമൂഹത്തിൽ ഇന്നും അനാഥകൾ ഉണ്ട്, പ്രയാസം അനുഭവിക്കുന്ന നിരവധി കുടുംബങ്ങളുണ്ട് എന്നാണ് വർധിച്ച് വരുന്ന സോഷ്യൽ മീഡിയ ക്രൗഡ് ഫണ്ട് പോസ്റ്റുകൾ നൽകുന്ന സന്ദേശങ്ങൾ.

യതീംഖാനകൾ സ്ഥാപിക്കപ്പെട്ട കാലഘട്ടത്തിന്റെ സാമൂഹിക ഘടനക്കും ആവശ്യങ്ങൾക്കും അനുസൃതമായാണ് അതിന്റെ പ്രവർത്തനരീതി ആസൂത്രണം ചെയ്തത്. പക്ഷേ, കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടക്ക് നമ്മുടെ സമൂഹത്തിൽ സംഭവിച്ച വിവിധങ്ങളായ മാറ്റങ്ങൾക്ക് അനുസൃതമായ രൂപത്തിൽ യതീംഖാനകളുടെ പ്രവർത്തനങ്ങൾ പൂർണമായ രൂപത്തിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ടില്ല എന്നത് ഒരു യാഥാർഥ്യമാണ്. ഓരോ മാനേജ്മെന്റിന്റെയും കാഴ്ചപ്പാടുകൾക്ക് അനുസരിച്ച് ചെറിയ ചെറിയ മാറ്റങ്ങൾ നടപ്പിലാക്കിയിട്ടുണ്ടാവാം. പക്ഷേ, ഈ കാലഘട്ടത്തിന്റെ സാമൂഹിക ആവശ്യങ്ങൾക്ക് വേണ്ട രൂപത്തിലുള്ള ഒരു ശാസ്ത്രീയമായ ഇടപെടൽ നടന്നിട്ടുണ്ടോ എന്നത് ഗൗരവമായ ആത്മ വിചിന്തനത്തിന് വിധേയമാക്കണം.

യതീംഖാനകളോട് ചേർന്ന് സ്കൂളുകളും സയൻസ്, ആർട്സ് കോളേജുകളും, ട്രെയിനിങ് കോളേജുകൾ, ഹോസ്പിറ്റലുകൾ, നേഴ്സിങ് കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സമുച്ചയങ്ങൾ തന്നെ പടുത്തുയർത്തപ്പെട്ട പ്രധാനപ്പെട്ട എല്ലാ പഴയ യതീംഖാനകൾക്കും വളർച്ചയുടെ ചരിത്രങ്ങൾ ധാരാളം പറയാനുണ്ട്. പക്ഷേ പുതിയ സംരംഭങ്ങൾ വന്നപ്പോൾ യതീംഖാന എന്ന അടിസ്ഥാന സ്ഥാപനം വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെപോയോ എന്നൊരു സ്വയം വിചാരണക്ക് നാം തയ്യാറാവേണ്ടതുണ്ട്. യതീംഖാനയിലെ പഠിതാക്കൾക്ക് ഈ പറഞ്ഞ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ, ജോലി സംവരണവും മറ്റ് അനുകൂല്യങ്ങളും നടപ്പിലാക്കിയ അനവധി മാനേജ്മെന്റുകൾ ഉണ്ട് എന്ന ബോധ്യത്തോടെ തന്നെയാണ് ഇത് കുറിക്കുന്നത്. ഇതിൽ എത്രമാത്രം യതീമുകൾക്ക് പ്രയോജനം ലഭിച്ചു, എത്രപേർ ഇതിന്റെ ഗുണഭോക്താക്കളായി എന്നതെല്ലാം വസ്തുതാപരമായ പഠനത്തിന് വിധേയമാക്കേണ്ടതുണ്ട്.

1983ൽ കോഴിക്കോട് ആസ്ഥാനമായി രൂപീകരിക്കപ്പെട്ട 'കേരള സ്റ്റേറ്റ് മുസ്‌ലിം ഓർഫനേജസ് കോഓഡിനേഷൻ കമ്മിറ്റി,' മുസ്‌ലിം സമുദായത്തിന് പുറമെ എല്ലാ മതവിഭാഗങ്ങൾക്കും പങ്കാളിത്തമുള്ള Association of Orphanages and other Charitable Institutions Kerala എന്നീ സംവിധാനങ്ങൾ ഈ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ നിരവധിയാണ്. ഈ രംഗത്ത് കൂടുതൽ മത, വിദ്യാഭ്യാസ, സാമൂഹിക രംഗത്തെ പ്രഗത്ഭരുടെ സേവനങ്ങൾകൂടി സംയോജിപ്പിക്കേണ്ടതുണ്ട്.

കേരളത്തിൽ യതീംഖാന സംവിധാനം കൊണ്ടുവന്നത് ഇസ്‌ലാഹി പ്രസ്ഥാനമാണ്. തുടക്കത്തിൽ പല വിമർശനങ്ങളും ആരോപണങ്ങളുമെല്ലാം നേരിടേണ്ടിവന്നിരുന്നെങ്കിലും ഇന്ന് എല്ലാ മുസ്‌ലിം സംഘടനകൾക്കും കീഴിൽ യതീംഖാനകൾ ഉണ്ട് എന്നത് ഇസ്‌ലാഹി പ്രസ്ഥാനത്തിന് അഭിമാനാർഹമാണ്. മദ്റസ പ്രസ്ഥാനം, വിശുദ്ധ ക്വുർആൻ പരിഭാഷ, സ്ത്രീ വിദ്യാഭ്യാസം, മലയാളം-ഇംഗ്ലീഷ് ഭാഷാപഠനം തുടങ്ങിയ നിരവധി നവോത്ഥാന സംരംഭങ്ങളെ എതിർത്തപോലെ യതീംഖാന സംവിധാനത്തെ ആരംഭത്തിൽ എതിർത്ത പല പ്രസ്ഥാനങ്ങളും ഇന്ന് ഈ രംഗത്തുള്ള അവരുടെ എണ്ണവും വണ്ണവും പറയുമ്പോൾ നിസ്വാർഥരായ, ഈ സമുദായത്തിന്റെ നന്മയും വിജയവും ആഗ്രഹിച്ച ഇസ്‌ലാഹി പ്രസ്ഥാന പ്രവർത്തകർക്ക് ആനന്ദവും അഭിമാനവും മാത്രമെയുള്ളൂ. യതീംഖാനകളുടെ മുൻകാല വിമർശകരായ പ്രസ്ഥാനങ്ങൾക്ക് ഇന്ന് ഇസ്‌ലാഹി പ്രസ്ഥാനത്തെക്കാൾ എണ്ണത്തിൽ വളരെ കൂടുതൽ സ്ഥാപനങ്ങൾ ഉണ്ട് എന്നത് ഈ പ്രസ്ഥാനത്തിന്റെ വിജയമാണ്.

**(അവസാനിച്ചില്ല)**

**Ref:**

1. Economic review - Kerala State Planning Board - 2019 - Volume 2.

2. Times Of India - Orphans of India,October 2, 2019, Poulomi Pavini.

3. https://muslimheritage.in/innermore/50.

4. ഓർമകളുടെ തീരത്ത് - കെ. ഉമർ മൗലവി.

5. https://www.mmomukkam.org/about-mukkam-muslim-orphanage

6. നേർപഥം വാരിക, Vol-03-2019 സെപ്തംബർ 28, ഏറനാട്ടിലെ ഓർമകളും ഇസ്‌ലാഹി പ്രസ്ഥാനവും.

7. അനാശ്രിതരുടെ സഹചാരി, പി.വി അബ്ദുൽ വഹാബ് എം.പി - ചന്ദ്രിക ദിനപത്രം (13-02-2011).

ഡോക്ടർ സഅദുല്ലാഹ്, ബഹ്റൈൻ
വിവ: പി. എൻ. അബ്ദുല്ലത്വീഫ് മദനി





# സൗഭാഗ്യത്തിലേക്കുള്ള പാത

സൗഭാഗ്യം എന്നത് ഒരു മുഖ്യവിഷയവും ഉന്നതലക്ഷ്യവുമാണ്. അത് തേടിപ്പിടിക്കുന്നതിൽ മനുഷ്യരാശി മുഴുവനും ബദ്ധശ്രദ്ധരാണ്. അത് അന്വേഷിക്കുന്നവരിൽ ധനികനും ദരിദ്രനും വൈദ്യനും രോഗിയും പണ്ഡിതനും പാമരനുമെല്ലാം മുൻപന്തിയിലുണ്ട്. സൗഭാഗ്യം ഒരമൂല്യനിധിയാണ്. പൂർവിക ഏടുകളിൽ പ്രാധാന്യമർഹിക്കുന്ന അധ്യായങ്ങളിലൊന്നാണത്. എഴുത്തുകാരും ചിന്തകരും സൗഭാഗ്യം വിഷയമാക്കിട്ടുണ്ട്. സാഹിത്യകാരന്മാരും കവികളും അതിനെക്കുറിച്ചു വർണിച്ചു. നിരവധി ഗവേഷണ പഠനങ്ങൾ ആ വിഷയത്തിലുണ്ടായി. ഓരോരുത്തരും ആ വിഷയത്തെ നോക്കിക്കണ്ടത് അവരുടെ വീക്ഷണകോണിലൂടെയാണ്. ഒരുപാടു പേർ അതിനെക്കുറിച്ചു സംസാരിച്ചിട്ടുണ്ടെങ്കിലും അതിന്റെ മർമമറിഞ്ഞവർ തുലോം വിരളമാണ്.

ഒരു കവിതാശകലത്തിൽ കണ്ടത്: 'സൗഭാഗ്യത്തെക്കുറിച്ച് ഒരുപാട് തിരഞ്ഞുനോക്കി. മാസ്മരിക ഗുഹകളിലൊന്നും അത് കാണാനൊത്തില്ല. ഇരുൾ മൂടിയ രാത്രികളോട് അതിനെക്കുറിച്ചു ചോദിച്ചുകൊണ്ടേയിരിക്കുന്നു. ഒടുവിൽ ബോധ്യപ്പെട്ടത് അത് കാലത്തിന്റെയും ഇഹലോകത്തിന്റെയും ഒരു രഹസ്യമാണെന്നാണ്.'

സ്വന്തത്തോട് തന്നെയുള്ള ചോദ്യം; പണക്കൂമ്പാരത്തിന്റെയോ രമ്യഹർമ്യങ്ങളുടെയോ ഷെയർമാർക്കറ്റുകളുടെയോ റിയൽഎസ്റ്റേറ്റ് സാമ്രാജ്യങ്ങളുടെയോ കവാടങ്ങളിലൂടെ കടന്നുവരുന്നതാണോ സൗഭാഗ്യം?



> നഗ്ന നേത്രങ്ങൾ കൊണ്ട് കാണാനാവാത്ത എണ്ണിക്കണക്കാക്കാനാവാത്ത ഒരു ആത്മീയ സത്തയാണ് സൗഭാഗ്യം. അങ്ങാടിയിൽ നിന്ന് വാങ്ങാൻ കിട്ടുന്നതോ ലബോറട്ടറികളിൽ ടെസ്റ്റു ചെയ്തു കണ്ടെത്താവുന്നതോ ഒന്നുമല്ല. ഒരുപക്ഷേ, ഭൗതിക വിഭവങ്ങൾ വളരെ പരിമിതമായ ഗ്രാമീണ കർഷകനോ ആട്ടിടയനോ അനുഭവപ്പെടുന്ന ഒരാന്തരിക ആസ്വാദനവും ഹൃദയ ശാന്തിയുമാണത്. ഒരു ശസ്ത്രക്രിയ നടത്തുന്ന വിദഗ്ധ ഭിഷഗ്വരനോ ആകാശ ഗമനം നടത്തുന്ന ബാഹ്യാകാശ യാത്രികനോ ഇത് കിട്ടിക്കൊള്ളണമെന്നില്ല.

അതോ ഇവയെല്ലാം അതിന്റെ ചെറിയൊരംശമോ? നാണയത്തുട്ടുകൾ ഒരിക്കലും സൗഭാഗ്യം സഫലമാക്കില്ല. അവ കേവലം നാഡീവിജ്രംഭനങ്ങളെ ശാന്തമാക്കുമെന്നു മാത്രം.

സൗഭാഗ്യമെന്നത് പ്രശസ്തിയോ താരപ്രഭയോ വ്യക്തിഗത നേട്ടങ്ങളോ ഏതെങ്കിലും മേഖലകളിൽ മുദ്രപതിപ്പിക്കലോ ആണോ? അതോ ഇവയെല്ലാം കേവലം പ്രൊഫഷണലിസത്തിന്റെ മാത്രം ഭാഗമോ?


അതല്ല, സൗഭാഗ്യമെന്നത് ലക്ഷ്യത്തിലും ചിന്തയിലും ഒത്തു വരുന്ന പരസ്പരം സ്നേഹിക്കുന്ന നിന്റെ സ്വപ്ന നായികയെ വേളി കഴിക്കലാണോ? അതോ സാമൂഹികവും കുടുംബപരവുമായ ഒരു ഭാഗിക ഭാഗ്യം മാത്രമോ? യഥാർഥത്തിൽ സൗഭാഗ്യമെന്നത് കേവല ധനസമാഹരണമോ പ്രശസ്തിയോ സ്വപ്ന ഭവനത്തിൽ ജീവിതപങ്കാളിയുമൊത്തു കഴിയലോ അല്ല. കാരണം ഇവയെല്ലാം കരഗതമാകുന്ന മുറക്ക് പഴയതാകും. ഇതെല്ലാം കിട്ടിയിട്ടും ഭാഗ്യം വന്നില്ലല്ലോ എന്ന് വിലപിക്കുന്നവരാണധികവും. മറ്റൊരർഥത്തിൽ മാനസിക സംഘർഷങ്ങളും വ്യഥകളും അലട്ടുന്നവരാണവർ. അല്ലാഹു രക്ഷിക്കട്ടെ.

നഗ്ന നേത്രങ്ങൾ കൊണ്ട് കാണാനാവാത്ത എണ്ണിക്കണക്കാക്കാനാവാത്ത, ഒരു ആത്മീയ സത്തയാണ് സൗഭാഗ്യം. അങ്ങാടിയിൽ നിന്ന് വാങ്ങാൻ കിട്ടുന്നതോ ലബോറട്ടറികളിൽ ടെസ്റ്റു ചെയ്തു കണ്ടെത്താവുന്നതോ ഒന്നുമല്ല. ഒരുപക്ഷേ, ഭൗതിക വിഭവങ്ങൾ വളരെ പരിമിതമായ ഗ്രാമീണ കർഷകനോ ആട്ടിടയനോ അനുഭവപ്പെടുന്ന ഒരാന്തരിക ആസ്വാദനവും ഹൃദയ ശാന്തിയുമാണത്. ഒരു ശസ്ത്രക്രിയ നടത്തുന്ന വിദഗ്ധ ഭിഷഗ്വരനോ ആകാശഗമനം നടത്തുന്ന ബാഹ്യാകാശ യാത്രികനോ ഇത് കിട്ടിക്കൊള്ളണമെന്നില്ല.

കണക്കറ്റ സമ്പത്തിന്റെ സാമ്രാജ്യം കൈവശമുള്ള ഒരു ധനികന് കരഗതമാകാത്തതും ഏവരാലും തള്ളിമാറ്റപ്പെടുന്ന, എന്നാൽ പടച്ചവന്റെ അടുക്കൽ സ്വീകാര്യതയുള്ള ഒരു പരമദരിദ്രൻ അഭിരമിക്കുന്ന ഒരു മഹനീയ അനുഗ്രഹമാണ് സൗഭാഗ്യം.

ഹൃദയന്തരാളത്തിൽനിന്ന് ചിന്തയിലേക്കും അവിടെനിന്ന് മുഖകാന്തിയിലേക്കും പിന്നീട് നയ നിലപാടിലേക്കും പ്രസരിക്കുന്ന ഒരു ഒഴുക്കാണത്. നിന്റെ ഉന്നത അനുഭവങ്ങളിലോ, മനോഹര ഭാവനകളിലോ, ഇന്ദ്രിയ ധർമങ്ങളിലോ അത് പ്രതിഫലിക്കുന്നില്ലെങ്കിൽ കാവ്യഖണ്ഡങ്ങളിൽ അത് തിരഞ്ഞാൽ കണ്ടെത്തി എന്നുവരില്ല.

സൗഭാഗ്യം വിശ്വാസത്തിന്റെ ഉൽപന്നമാണ്. വിനയത്തോടെ, താഴ്മയോടെ സൽകർമങ്ങൾ അനുഷ്ഠിച്ചു ദൈവസാമീപ്യം നേടലാണതിന്റെ അന്തസ്സത്ത. അല്ലാഹു ഓഹരി ചെയ്തുതന്നതിൽ തൃപ്തി വേണം. അവന്റെ വിധി നിർണയങ്ങൾ സമ്മതമാവണം. അപരാധങ്ങളിൽ കരയണം. സത്യവും നന്മയും യ



ല്ലാഹുവിനോടുള്ള സ്നേഹവും മാന്യമായ സംസാരവും ഗാംഭീര്യമുള്ള നിലപാടുകളും മനുഷ്യത്വവും ഉദാരതയും പ്രകടമാവുന്ന പെരുമാറ്റവും തന്റെ നിവാസദേശത്തിന്റെ നിർഭയത്വവും സമാധാനവും ശാരീരിക, മാനസിക ഐശ്വര്യങ്ങളുമെല്ലാം. നബിﷺ പറഞ്ഞു: 'നിങ്ങളിൽ വല്ലവനും അവന്റെ പരിവാരങ്ങളിൽ നിർഭയനും ദേഹസൗഖ്യം അനുഭവിക്കുന്നവനും അന്നന്നത്തെ ആഹാരം മുമ്പിലുള്ളവുനുമാണെങ്കിൽ അവനാണ് ഇഹലോകം മുഴുവനും അധീനപ്പെട്ടു കിട്ടിയവൻ' (തിർമിദി).

അല്ലാഹുവിനോടുള്ള അടിമത്തത്തിൽ ഗതിമാറാതിരിക്കലാണ് സൗഭാഗ്യ സമാരംഭത്തിന്റെ ലക്ഷണം. "മനുഷ്യരെയും ജിന്നുകളെയും നാം സൃഷ്ടിച്ചത് എന്നെ മാത്രം ആരാധിക്കുന്നതിന്നാണ്." (ക്വുർആൻ 51:56).

'ശാശ്വത സൗഭാഗ്യം ഉറപ്പുവരുത്താൻ ആരാധനയുടെ ഉമ്മറത്ത് അവന്റെ വഴിമാറാത്ത സാന്നിധ്യം വേണം' (ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ, മദാരികുസ്സാലികീൻ 1/439).

സൗഭാഗ്യത്തിലേക്കു കൈപിടിച്ച് കൊണ്ടുപോകുന്ന ഒരുപാധിയാണു വിശുദ്ധ ക്വുർആൻ. സൗഭാഗ്യത്തിന്റെ പരമകാഷ്ഠ സ്വർഗമാണ്.

"എന്നാൽ സൗഭാഗ്യം സിദ്ധിച്ചവരാകട്ടെ, അവർ സ്വർഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്നിടത്തോളം അവരതിൽ നിത്യവാസികളായിരിക്കും. നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചതൊഴികെ. നിലച്ചുപോകാത്ത ഒരു ദാനമായിരിക്കും അത്" (ക്വുർആൻ 11:108).

അല്ലാഹുമായിട്ടുള്ള ബന്ധമാണ് സൗഭാഗ്യത്തിന്റെ കൊടുമുടി. അവൻ പകുത്തുനൽകിയതിൽ പൂർണ തൃപ്തി വേണം. ശയ്യയിലേക്കു വീഴുമ്പോൾ ഹൃദയം നിർവൃതികൊള്ളണം. ആരോടും അനീതി ചെയ്യാത്ത ദിവസമെന്നുറപ്പാക്കണം. സൗഭാഗ്യമന്വേഷിച്ചു കാതങ്ങൾ താണ്ടേണ്ട. അത് തന്റെ ചുറ്റുവട്ടത്തിലും മനസ്സിലും ചിന്തയിലും തന്നെയാണുള്ളത്. കണ്ണട കണ്ണിൽ കയറ്റി വച്ചു കണ്ണട തിരഞ്ഞിട്ടു കാര്യമില്ല.

ശസ്സും തേടിപ്പിടിക്കണം. ആകാശഭൂമികളോളം വിശാലമായ സ്വർഗത്തിൽ പ്രവേശനം കിട്ടണം. അപ്പോഴാണ് മനശ്ശാന്തിയും ഹൃദയവിശാലതയും ആത്മസംതൃപ്തിയും ലഭിക്കുക. അല്ലാഹുവിലേക്കുള്ള നിന്റെ പ്രയാണത്തിൽ കടമ്പകൾ വിലങ്ങായിട്ടുണ്ടെങ്കിലും അവ തരണംചെയ്യാൻ നിനക്കാവും.

ഒരു അടിമ സൗഭാഗ്യത്തിലാണെന്നതിന്റെ ലക്ഷണം പ്രവാചക ചര്യക്കനുസരിച്ചു അല്ലാഹുവിനോടുള്ള ആരാധനാകാര്യങ്ങൾ നിർവഹിക്കാൻ അവന്നു കിട്ടുന്ന അനുഗ്രഹവും എളുപ്പവുമാണ്. നല്ലവരോടൊത്തുള്ള സഹവാസവും സൽസ്വഭാവത്തോടെ സമസൃഷ്ടികളോടുള്ള പെരുമാറ്റവും അവർക്കു ചെയ്തുകൊടുക്കുന്ന നന്മകളുമാണ്. തന്റെ സമയത്തിന്റെ വിലയറിഞ്ഞുള്ള ജീവിതവും മുസ്‌ലിം പ്രശ്നങ്ങളോടുള്ള ജാഗ്രതയും അവനിൽ പ്രകടമാകും.

സൗഭാഗ്യത്തിന്റെ അളവുകോലുകളിൽ പെട്ടതാണ് ഉള്ളും പുറവും തമ്മിൽ പൊരുത്തപ്പെടലും അ

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ലേഖനം




# മനുഷ്യൻ സ്വയംപര്യാപ്തനല്ല

എത്ര വലിയ ശക്തനും പരസഹായം കൂടാതെ ജീവിക്കാൻ കഴിയില്ല. കാരണം സാമൂഹ്യജീവിയാണ് അവൻ. മനുഷ്യചരിത്രത്തിൽ സാമൂഹ്യദുരന്തങ്ങളുണ്ടായപ്പോഴെല്ലാം ഈ യാഥാർഥ്യം മനുഷ്യൻ തിരിച്ചറിഞ്ഞിട്ടുണ്ട്. ഞങ്ങൾക്കു ഞങ്ങൾ മതി എന്ന് അഹങ്കരിച്ചിരുന്ന വൻരാഷ്ട്രങ്ങൾക്കുവരെ പരസഹായത്തിന്നു കൈനീട്ടേണ്ടിവന്നു എന്നത് കോവിഡ്-19ന്റെ വർത്തമാനകാലത്ത് ജീവിക്കുന്നവർക്ക് നേരിട്ട് ബോധ്യമായി. അതിരുകവിഞ്ഞ ആർത്തിയെയും ചൂഷണത്തെയും സാമൂഹ്യജീവിതത്തിന്റെ അടിത്തറയായി സ്വീകരിച്ച അഹങ്കാരിയായ മനുഷ്യന്ന് തന്റെ നിലപാടിന്റെ ദിശതിരിക്കാൻ അല്ലാഹുവിങ്കൽനിന്നുള്ള ഒരു ഇടപെടലായിട്ടുവേണം ഇത്തരം സംഭവങ്ങളെ കാണേണ്ടത്.

ഈ ഭൂമി മുഴുവൻ മനുഷ്യർക്കുമുള്ളതാണ്. അല്ലാഹു പറയുന്നു: "അവനാണ് നിങ്ങൾക്കുവേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചുതന്നത്. പുറമെ ഏഴ് ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരിലോകത്തെ സംവിധാനിച്ചവനും അവൻതന്നെയാണ്. അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (ക്വുർആൻ 2:29).

"അവനാകുന്നു നിങ്ങൾക്കുവേണ്ടി ഭൂമിയെ വിധേയമാക്കിത്തന്നവൻ. അതിനാൽ അതിന്റെ ചുമലുകളിലൂടെ നിങ്ങൾ നടക്കുകയും അവന്റെ ഉപജീവനത്തിൽനിന്ന് ഭക്ഷിക്കുകയും ചെയ്തുകൊള്ളുക. അവങ്കലേക്കുതന്നെയാണ് ഉയിർത്തെഴുന്നേൽപ്" (ക്വുർആൻ 67:15).

"ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞുകൊണ്ടിരിക്കും. അതല്ല, ആകാശത്തുള്ളവൻ നിങ്ങളുടെനേരെ ഒരു ചരൽവർഷം അയക്കുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായിരിക്കുകയാണോ? എന്റെ താക്കീത് എങ്ങനെയുണ്ടെന്ന് നിങ്ങൾ വഴിയെ അറിഞ്ഞുകൊള്ളും" (ക്വുർആൻ 67:16-17).

കടൽ, കര, വെള്ളം, വായു, വെളിച്ചം, മണ്ണ് തുടങ്ങിയതെല്ലാം അല്ലാഹു മനുഷ്യന്ന് നൽകിയ പൊതു സ്വത്താണ്. അവയിൽ എല്ലാവരും പരസ്പരം സഹകരിക്കണം, സഹായിക്കണം. അല്ലെങ്കിൽ നാശമായിരിക്കും ഫലം.

"മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം" (ക്വുർആൻ 30:41).

"ആകാശത്തെ അവൻ ഉയർത്തുകയും (എല്ലാ കാര്യവും തൂക്കിക്കണക്കാക്കുവാനുള്ള) തുലാസ് അവൻ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ തുലാസിൽ ക്രമക്കേട് വരുത്താതിരിക്കുവാൻ

വേണ്ടിയാണത്. നിങ്ങൾ നീതിപൂർവം തൂക്കം ശരിയാക്കുവിൻ. തുലാസിൽ നിങ്ങൾ കമ്മിവരുത്തരുത്. ഭൂമിയെ അവൻ മനുഷ്യർക്കായി വെച്ചിരിക്കുന്നു" (ക്വുർആൻ 55:7-10).

പ്രാപഞ്ചികവ്യവസ്ഥയുടെ സന്തുലനാവസ്ഥയിലേക്കുകൂടി ഈ 'തുലാസ്' എന്ന പ്രയോഗം സൂചന നൽകുന്നു. ശത്രുവിനോടുപോലും നീതിപുലർത്താൻ ക്വുർആൻ (5:8) കൽപിച്ചത് ഈ സന്തുലനം നിലനിർത്തുന്നതിന്റെ ഭാഗമാണ്. പ്രാപഞ്ചിക വ്യവസ്ഥയിലെ സന്തുലനാവസ്ഥക്ക് താളപ്പിഴകളുണ്ടാകരുതെന്നു ക്വുർആൻ ഓർമിപ്പിക്കുന്നുണ്ട്. വൈവിധ്യങ്ങൾ എത്രയുണ്ടെങ്കിലും ഒരു മാനവിക കൂട്ടായ്മ അനിവാര്യമാണ് മനുഷ്യർക്ക്. അവരെല്ലാവരും രക്ഷിതാവിലേക്ക് ആവശ്യക്കാരുമാണ്.

"മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതന്മാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു" (ക്വുർആൻ 35:15).

ഈ പരാശ്രയത്വത്തിൽനിന്നു മറ്റെവിടെയും രക്ഷപ്പെടാൻ മനുഷ്യന്ന് സാധ്യമല്ല.

"ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, ആകാശങ്ങളുടെയും ഭൂമിയുടെയും മേഖലകളിൽ നിന്ന് പുറത്ത് കടന്നുപോകാൻ നിങ്ങൾക്ക് സാധിക്കുന്നപക്ഷം നിങ്ങൾ കടന്നുപോയിക്കൊള്ളുക. ഒരു അധികാരം ലഭിച്ചിട്ടല്ലാതെ നിങ്ങൾ കടന്നുപോകുകയില്ല" (ക്വുർആൻ 55:33).

അതിനാൽ മനുഷ്യൻ എതൊരു സ്രഷ്ടാവിന്റെ അടിമയാണോ ആ സ്രഷ്ടാവിന്റെ പരമാധികാരത്തിൻ കീഴിലാണുള്ളതെന്ന ബോധത്തോടെ അവനെ അനുസരിച്ച്, വിനയപ്പെട്ടു ജീവിക്കലാണ് ബുദ്ധി.

"അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു" (ക്വുർആൻ 39:67).

### മനുഷ്യന്റെ മറ്റൊരു മുഖമാണ് കാപട്യം

സത്യവിശ്വാസി, നിഷേധി; ഈ രണ്ടുവിഭാഗത്തിനിടയിൽ കപടവിശ്വാസി എന്നൊരു വിഭാഗത്തെക്കുറിച്ചുകൂടി ക്വുർആൻ മനുഷ്യനെ പഠിപ്പിക്കുന്നു. വിശ്വാസം എന്നത് ബാഹ്യപ്രകടനങ്ങളോ മനസ്സിൽതട്ടാത്ത പ്രഖ്യാപനങ്ങളോ ആവരുത്. മനസ്സാവാചാകർമണാ വിശ്വാസിയാവണം.

"ഗ്രാമീണ അറബികൾ പറയുന്നു; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. നീ പറയുക: നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ ഞങ്ങൾ കീഴ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക. വിശ്വാസം നിങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞിട്ടില്ല. അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുന്നപക്ഷം നിങ്ങൾക്കു നിങ്ങളുടെ കർമഫലങ്ങളിൽനിന്ന് യാതൊന്നും അവൻ കുറവുവരുത്തുകയില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 49:14).

വിശ്വാസപരമായ കാപട്യം മുതൽ സത്യസന്ധതക്ക് വിരുദ്ധമായ സ്വഭാവങ്ങൾവരെ കാപട്യത്തിന്റെ ലക്ഷണമാണെന്ന് ക്വുർആൻ പഠിപ്പിക്കുന്നു.

"മറ്റുള്ളവർ വിശ്വസിച്ചതുപോലെ നിങ്ങളും വിശ്വസിക്കൂ എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ ഈ മൂഢന്മാർ വിശ്വസിച്ചതുപോലെ ഞങ്ങളും വിശ്വസിക്കുകയോ എന്നായിരിക്കും അവർ മറുപടി പറയുക. എന്നാൽ യഥാർഥത്തിൽ അവർതന്നെയാകുന്നു മൂഢന്മാർ. പക്ഷേ, അവരത് അറിയുന്നില്ല" (ക്വുർആൻ 2:13).

വിശ്വാസികളെയും വിശ്വാസത്തെയും പരിഹസിക്കുക, വിശ്വാസികളുടെ കൂട്ടത്തിലെത്തുമ്പോൾ വിശ്വാസിയായി അഭിനയിക്കുകയും അവിശ്വാസികൾക്കിടയിൽ അവരോട് ആദർശബന്ധം പുലർത്തുകയും ചെയ്യുക, നബിﷺയുടെ തീരുമാനങ്ങളെ (സുന്നത്തിനെ) പുഛിക്കുക, ഇതര ആദർശങ്ങൾക്ക് പ്രഥമ പരിഗണന നൽകുക തുടങ്ങിയ ഗുരുതരമായ വ്യതിയാനങ്ങളെ ക്വുർആൻ കാപട്യത്തിന്റെ ലക്ഷണമായി വിവരിച്ചതു കാണാം.

"അല്ലാഹു അവതരിപ്പിച്ചതിലേക്കും (അവന്റെ) ദൂതനിലേക്കും നിങ്ങൾ വരൂ എന്ന് അവരോട് പറയപ്പെട്ടാൽ ആ കപടവിശ്വാസികൾ നിന്നെവിട്ട് പാടെ പിന്തിരിഞ്ഞു പോകുന്നത് നിനക്കു കാണാം" (ക്വുർആൻ 4:61).

"ഈ കൂട്ടരെ (മുസ്‌ലിംകളെ) അവരുടെ മതവിശ്വാസം വഞ്ചിച്ചുകളഞ്ഞിരിക്കുന്നു എന്ന് കപടവിശ്വാസികളും മനസ്സിൽ രോഗമുള്ളവരും പറഞ്ഞു

> **"തെറ്റുകൾ സംഭവിക്കുക എന്നത് സ്വാഭാവികമാണ്. തെറ്റാണെന്ന് ബോധ്യമായാൽ യഥാർഥ വിശ്വാസികൾ പശ്ചാത്തപിക്കുകയും തെറ്റിൽനിന്ന് മാറിനിൽക്കുകയും ചെയ്യും. എന്നാൽ ചെയ്ത തിന്മയിൽ ഉറച്ചുനിൽക്കുകയും അതിൽ അഹങ്കരിക്കുകയോ അതിനെ ന്യായീകരിക്കുകയോ ചെയ്യുന്നതും കാപട്യത്തിന്റെ ലക്ഷണമാണ്."**



കൊണ്ടിരുന്ന സന്ദർഭമത്രെ അത്. വല്ലവനും അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (ക്വുർആൻ 8:49).

ഇത്തരം ഗുരുതരമായ കാപട്യമുള്ളവർ ഖേദിച്ച് മടങ്ങാത്തപക്ഷം അവരെക്കുറിച്ച് ക്വുർആൻ പറയുന്നത് ഇങ്ങനെയാണ്:

"തീർച്ചയായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു. അവർക്കൊരു സഹായിയെയും നീ കണ്ടെത്തുന്നതല്ല" (ക്വുർആൻ 4:145).

"അല്ലാഹുവിന്റെ വചനങ്ങൾ നിഷേധിക്കപ്പെടുന്നതും പരിഹസിക്കപ്പെടുന്നതും നിങ്ങൾ കേട്ടാൽ അത്തരക്കാർ മറ്റുവല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുതെന്നും, അങ്ങനെ ഇരിക്കുന്നപക്ഷം നിങ്ങളും അവരെപ്പോലെത്തന്നെ ആയിരിക്കുമെന്നും ഈ ഗ്രന്ഥത്തിൽ അല്ലാഹു നിങ്ങൾക്ക് അവതരിപ്പിച്ചുതന്നിട്ടുണ്ടല്ലോ. കപടവിശ്വാസികളെയും അവിശ്വാസികളെയും ഒന്നിച്ച് അല്ലാഹു നരകത്തിൽ ഒരുമിച്ചുകൂട്ടുകതന്നെ ചെയ്യും" (ക്വുർആൻ 4:140).

തെറ്റുകൾ സംഭവിക്കുക എന്നത് സ്വാഭാവികമാണ്. തെറ്റാണെന്ന് ബോധ്യമായാൽ യഥാർഥ വിശ്വാസികൾ പശ്ചാത്തപിക്കുകയും തെറ്റിൽനിന്ന് മാറിനിൽക്കുകയും ചെയ്യും. എന്നാൽ ചെയ്ത തിന്മയിൽ ഉറച്ചുനിൽക്കുകയും അതിൽ അഹങ്കരിക്കുകയോ അതിനെ ന്യായീകരിക്കുകയോ ചെയ്യുന്നതും കാപട്യത്തിന്റെ ലക്ഷണമാണ്.

"ചില ആളുകളുണ്ട്; ഐഹികജീവിതകാര്യത്തിൽ അവരുടെ സംസാരം നിനക്ക് കൗതുകം തോന്നിക്കും. അവരുടെ ഹൃദയശുദ്ധിക്ക് അവർ അല്ലാഹുവെ സാക്ഷിനിർത്തുകയും ചെയ്യും. വാസ്തവത്തിൽ അവർ (സത്യത്തിന്റെ) കഠിനവൈരികളത്രെ. അവർ തിരിച്ചുപോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും വിള നശിപ്പിക്കാനും ജീവനൊടുക്കാനുമായിരിക്കും ശ്രമിക്കുക. നശീകരണം അല്ലാഹു ഇഷ്ടപ്പെടുന്നതല്ല. അല്ലാഹുവെ സൂക്ഷിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ ദുരഭിമാനം അവരെ പാപത്തിൽ പിടിച്ചുനിർത്തുന്നു. അവർക്ക് നരകം തന്നെ മതി. അത് എത്ര മോശമായ മെത്ത!" (ക്വുർആൻ 2:204-206).

ദൃഢമായ വിശ്വാസം നഷ്ടപ്പെടുകവഴി ജീവിതത്തിൽ സത്യത്തിൽ ഉറച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥയെ ക്വുർആൻ വിവരിക്കുന്നു:

"തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്. അവർ നമസ്കാരത്തിന് നിന്നാൽ ഉദാസീനരായിക്കൊണ്ടും ആളുകളെ കാണിക്കാൻവേണ്ടിയുമാണ് നിൽക്കുന്നത്. കുറച്ചുമാത്രമെ അവർ അല്ലാഹുവെ ഓർമിക്കുകയുള്ളൂ. ഈ കക്ഷിയിലേക്കോ, ആ കക്ഷിയിലേക്കോ ചേരാതെ അതിനിടയിൽ ആടിക്കൊണ്ടിരിക്കുന്നവരാണവർ. വല്ലവനെയും അല്ലാഹു വഴിപിഴപ്പിച്ചാൽ അവന്ന് പിന്നെ ഒരു മാർഗവും നീ കണ്ടെത്തുകയില്ല" (ക്വുർആൻ 4:142-143).

"കപടവിശ്വാസികളും കപടവിശ്വാസിനികളും എല്ലാം ഒരേതരക്കാരാകുന്നു. അവർ ദുരാചാരം കൽപിക്കുകയും സദാചാരത്തിൽനിന്ന് വിലക്കുകയും തങ്ങളുടെ കൈകൾ അവർ പിൻവലിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവെ മറന്നു. അപ്പോൾ അവൻ അവരെയും മറന്നു. തീർച്ചയായും കപടവിശ്വാസികൾ തന്നെയാണ് ധിക്കാരികൾ" (ക്വുർആൻ 9:67).

കളവുപറയൽ, വഞ്ചന, വാഗ്ദത്തലംഘനം തുടങ്ങിയ ദുർഗുണങ്ങൾവരെ കാപട്യത്തിന്റെ ലക്ഷണമായി നബിﷺ പഠിപ്പിച്ചിട്ടുണ്ട്. നബിﷺയുടെ ജീവിതകാലത്തുതന്നെ, മുസ്‌ലിം സമൂഹത്തിന്നിടയിൽ പൊയ്മുഖത്തോടെ ജീവിക്കുകയും സ്വഹാബികളോടൊപ്പം മസ്ജിദുകളിലും പൊതുകാര്യങ്ങളിലും യുദ്ധമുഖത്തുവരെയും സഹകരിച്ചു എന്നു വരുത്തുകയും ചെയ്ത കപടവിശ്വാസികളുണ്ടായിരുന്നു. നബിലക്കു പോലും വഹ്‌യ് (ദിവ്യബോധനം) മുഖേനയാണ് അവരെ തിരിച്ചറിയാൻ കഴിഞ്ഞത്. അതുകൊണ്ട് തന്നെ ജാഗ്രത പാലിക്കേണ്ട സ്വഭാവമാണ് കാപട്യമെന്ന് സ്വഹാബികൾ മനസ്സിലാക്കി. കാപട്യത്തിൽ നിന്ന് അവർ സദാ അല്ലാഹുവോട് രക്ഷതേടാറുണ്ടായിരുന്നു.

**(തുടരും)**

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com

ലേഖനം



# ചരിത്രത്തെ അപനിർമിക്കുന്ന ഫാഷിസം

## ഔട്ട്‌ലുക്ക് 3.0 നൽകുന്ന പാഠങ്ങൾ

ചരിത്രം ഭൂതകാലത്തിന്റ വർത്തമാനമാണ്. ഭൂതകാലത്തെ അറിഞ്ഞുകൊണ്ടുമാത്രമെ മനുഷ്യന് മുന്നോട്ടുപോകാൻ കഴിയൂ. ചരിത്രമില്ലാത്ത സമൂഹം ഓർമയില്ലാത്ത മനുഷ്യനെപ്പോലെയാണ്. അതിനെ തിരസ്‌കരിക്കാനാർക്കും സാധ്യമല്ല. ഇന്നലെകളുടെ വർത്തമാനങ്ങളിൽ അഭിമാനിക്കത്തക്കവിധമുള്ള എന്തെങ്കിലും ഒന്ന് ഇല്ലാത്തവന് ചരിത്രത്തോട് പുഛം തോന്നുന്നത് സ്വാഭാവികം.

രാജ്യത്തിന്റെ അഭിമാനകരമായ മുന്നേത്തിന് ത്യാഗംചെയ്ത ഒരു സമൂഹത്തെ ശത്രുവായിക്കാണുകയും അവരെ നിഷ്‌കാസനം ചെയ്യാൻ വെമ്പൽകൊള്ളുകയും ചെയ്യുന്ന ഒരു വിഭാഗത്തിന് ഇന്നലെകളെക്കുറിച്ച് അപകർഷതയും വിദ്വേഷവും ഉണ്ടായില്ലെങ്കിലേ അത്ഭുതമുള്ളൂ.

വൈവിധ്യങ്ങളാൽ സുന്ദരമായ ഇന്ത്യാമഹാരാജ്യത്തിന്റെ ഭൂതകാലവർത്തമാനങ്ങളിൽ വലിയ പാഠങ്ങളുണ്ട്. ഫാഷിസത്തെയും നാസിസത്തെയും ദർശനമായി സ്വീകരിച്ച ഗോൾവാൾക്കറിന്റെയും സവർക്കറുടെയും വെറുപ്പിന്റെ രാഷ്ട്രീയാശയങ്ങളാൽ രാജ്യത്തിന്റ പൈതൃകം വിസ്മരിച്ചുപോയവർക്ക് സത്യസന്ധമായ ചരിത്രം സ്വീകാര്യമല്ലാത്തതിനാൽ അവർ അതിനെ അപനിർമിക്കാനുള്ള അതീവ ശ്രമത്തിലാണ്.

പൗരത്വഭേദഗതി നിയമവും കാശ്മീരിന്റെ 370ാം വകുപ്പിന്റെ നിരാകരണവും ബാബരി മസ്ജിദ് ധ്വംസനത്തിന്റെ ന്യായീകരണവും ഏകീകൃത സിവിൽ കോഡിന്റ സാധുതയുമെല്ലാം യാഥാർഥ്യമായി അവതരിപ്പിച്ച് ന്യൂനപക്ഷ വിഭാഗങ്ങളെ അപരവൽകരിക്കാൻ വേണ്ടിയാണ് ഇത്തരം അപനിർമിതിക്കായി സംഘപരിവാരം ശ്രമിക്കുന്നത്.

അതിനാൽ അധികാരത്തിന്റെ ദംഷ്ട്രങ്ങളാൽ വികലമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്ത്യയുടെ ചരിത്രത്തെക്കുറിച്ച് വസ്തുനിഷ്ഠവും നിഷ്പക്ഷവുമായ പഠനത്തിനൊരവസരമായാണ് മുജാഹിദ് നവോത്ഥാന പ്രസ്ഥാനത്തിന്റെ യുവജന വിഭാഗമായ വിസ്ഡം ഇസ്ലാമിക് യൂത്ത് ഓർഗനൈസേഷൻ ഔട്ട്ലുക്ക് 3.0 സംഘടിപ്പിച്ചത്.

ചരിത്രകാരനും ചിന്തകനുമായ ഡോ.പി.ജെ വിൻസന്റ് സാമൂഹ്യപ്രവർത്തകനും യൂത്ത് കോൺഗ്രസ് നേതാവുമായ ഡോ.പി.സരിൻ, ഇടതുപക്ഷ ചിന്തകനും എഴുത്തുകാരനുമായ എം. ജെ. ശ്രീചിത്രൻ, മുസ്‌ലിം യൂത്ത്ലീഗ് നേതാവും പ്രഭാഷകനുമായ പി.കെ. ഫിറോസ്, വിസ്ഡം പ്രതിനിധിയും പ്രഭാഷകനുമായ റഷീദ് കുട്ടമ്പൂർ എന്നിവരുടെ ഘനഗംഭീരവും വൈജ്ഞാനികവുമായ വിഷയാവതരണങ്ങളിൽനിന്ന് പ്രോജ്വലിക്കുന്ന ഇന്ത്യൻ പൈതൃകത്തിന്റെ ആത്മാവിനെ തൊട്ടറിയാനാകും.

> അക്ബർ ചക്രവർത്തി മധ്യകാലത്ത് രാജ്യം ഭരിച്ചിരുന്ന ഭരണാധികാരിയാണ്. ഇസ്‌ലാം മതവിശ്വാസിയായ അദ്ദേഹം ഒരിക്കൽപോലും മതരാഷ്ട്രമാക്കാൻ ശ്രമിച്ചില്ല. എല്ലാ മതങ്ങളെയും അവയുടെ വിശ്വാസ ആചാരപ്രകാരം സ്വതന്ത്രമായ ജീവിതത്തിന് അവസരമൊരുക്കുകയായിരുന്നു അദ്ദേഹം. മതസംവാദത്തിനായി തന്റെ തലസ്ഥാനമായ ഫത്തേപൂർസിക്രിയിൽ ഇബാദത്ത് ഖാന സ്ഥാപിച്ചു. ദീൻ ഇലാഹി എന്ന മതം സ്ഥാപിച്ചിട്ട് പോലും അദ്ദേഹം രാജ്യത്തെ ഔദ്യോഗിക മതമായി അതിനെ പ്രഖ്യാപിച്ചില്ല.

## ചരിത്രാപനിർമിതിയിൽ ഫാഷിസം ലക്ഷ്യമാക്കുന്നത്

പ്രൗഢമായ ചരിത്ര പാരമ്പര്യമുള്ള മഹത്തായ രാജ്യമാണ് ഇന്ത്യ. ഇന്നലെകളിലെ വർത്തമാനങ്ങളിൽ അഭിമാനിക്കാവുന്ന ഒട്ടേറെ ഘടകങ്ങളുണ്ട്. പ്രാചീന, മധ്യകാലഘട്ടങ്ങളിലെ രാജഭരണങ്ങളും അതിലൂടെയുള്ള വൈവിധ്യമാർന്ന സംസ്‌കൃതിയുമെല്ലാം രാജ്യത്തിന്റെ സൗന്ദര്യമേറെ ഉയർത്തിയിട്ടുണ്ട്. വൈദേശികരുടെ കരാളഹസ്തങ്ങളിൽ രാജ്യമമർന്നപ്പോൾ സ്വാതന്ത്ര്യത്തിനായി പോരാടിയ സമര സേനാനികളുടെ ഐതിഹാസികമായ മുന്നേറ്റം അഭിമാനകരമായ ചരിത്രമാണ് സൃഷ്ടിച്ചത്. എന്നിട്ടും ചരിത്രത്തെ വക്രീകരിക്കാൻ സംഘപരിവാരത്തെ പ്രേരിപ്പിച്ച ഘടകമെന്തായിരിക്കും?

**പി.കെ. ഫിറോസ്:** ഒരു നദിയുടെ ഉറവിടവുമായുള്ള ബന്ധം വിഛേദിച്ചാൽ നദിതന്നെ ഇല്ലാതാകുമെന്ന പോലെയാണ് ചരിത്രത്തെ തിരസ്‌കരിക്കുന്നതിലൂടെ ഒരു സമൂഹത്തിന് സംഭവിക്കാനിരിക്കുന്നത്. ആരാണോ ഇന്നലെകളെ അധീനമാക്കുന്നത് അവരാണ് ഭാവിയെ ഭരിക്കുക. നാസി ജർമനിയിൽ അഡോൾഫ് ഹിറ്റ്ലർ ചരിത്രം തങ്ങളുടേതാക്കി മാറ്റി ന്യൂനപക്ഷമായ ജൂതൻമാരെ അപരവൽകരിച്ചു. 60 ലക്ഷത്തോളം ജൂതൻമാരെ കൊന്നുതള്ളിയിട്ടും തങ്ങൾക്ക് ചരിത്രമില്ലെന്ന് തോന്നുമാറ് അപരവൽകൃതരായ ഒരു സമൂഹത്തിന് അത് ഉൾകൊള്ളാൻ സാധിച്ചിരുന്നുവത്രെ! ഏഴു കോടിയോളംവരുന്ന ജനങ്ങൾ നിശ്ശബ്ദരാകുമാറ് ചരിത്രത്തിന്റെ വക്രീകരണം അതിന് മാത്രം സ്വാധീനിക്കപ്പെട്ടിരുന്നു. അതിനാൽ ഫാഷിസം ദീർഘകാലത്തെ ഒരു പദ്ധതിയാണ്. അതിലെ ഒരു ഘട്ടമാണ് ചരിത്രത്തിന്റെ അപനിർമിതി. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ അപഹാസ്യമായി മാപ്പെഴുതിയ ഭീരുത്വത്തിന്റെ പാരമ്പര്യമുള്ള സംഘപരിവാരങ്ങൾ ചരിത്രത്തെ ദുർവ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത് സ്വാഭാവികമാണ്. മതരാഷ്ട്രമാക്കാനുള്ള ഒളിയജണ്ടയുടെ സ്വാഭാവിക പരിണിതി.

## മതരാഷ്ട്രവാദത്തിന് ഇന്ത്യൻ ചരിത്രത്തിലിടമുണ്ടോ?

ഘർവാപസിയും ഏകീകൃത സിവിൽകോഡും മതരാഷ്ട്രവാദത്തെ സാധൂകരിക്കാൻ സംഘപരിവാരങ്ങൾ തുടങ്ങിവച്ച പദ്ധതികളാണ്. മുകൾ ചക്രവർത്തിമാരും ലോധി, തുഗ്ലക്ക് ഭരണകൂടവുമടക്കമുള്ളവർ അവർ പ്രതിനിധാനംചെയ്യുന്ന മതദർശനങ്ങൾക്കനുസരിച്ച രാജ്യമാക്കാൻ ശ്രമിച്ചിരുന്നുവെന്നും അവരുടേത് മതരാഷ്ട്ര ഭരണമായിരുന്നുവെന്നും സംഘപരിവാരങ്ങൾ ചരിത്രാഖ്യാനം നടത്തുന്നു.

ഇന്ത്യൻ മതേതരത്വത്തിന്റെ തകർച്ചക്കായി ചരിത്രത്തെ അപനിർമിക്കുന്ന ഫാഷിസത്തിന്റെ ഇത്തരം വാദങ്ങളെ സാധൂകരിക്കുന്ന വല്ലതും ഇ

ന്ത്യൻ ചരിത്രത്തിൽ കാണാനാകുമോ? ഇന്ത്യ ഭരിച്ച ഏതെങ്കിലും ഭരണാധികാരി രാജ്യത്തെ മതരാഷ്ട്രമാക്കാൻ ശ്രമിച്ചിരുന്നുവോ?


**ഡോ.പി.ജെ.വിൻസന്റ്:** സുദീർഘമായ ഇന്ത്യാചരിത്രം പരിശോധിച്ചാൽ ഒരു ഘട്ടത്തിലും മതരാഷട്രമായി ഇന്ത്യ മാറിയതായി സൂചന ലഭിക്കുന്നില്ല. ബ്രാഹ്മണിക വൈദിക സംസ്കൃതിയെ ശക്തമായി എതിർക്കുന്ന ചർവാകൻമാരുടെ സൗഖ്യത്തെ അന്വേഷിക്കുന്ന ശ്രീരാമനെ കുറിച്ച് രാമായണത്തിൽ പറയുന്നുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതാണ് ഐതിഹ്യങ്ങളിലെ വീരകഥാപാത്രങ്ങൾ പോലുമെന്നതാണ് ശരി. പ്രാചീന, മധ്യകാല ഇന്ത്യയിൽ വിവിധ മതങ്ങളിൽ പെട്ടവർ രാജ്യം ഭരിച്ചിട്ടുണ്ട്. അവരാരും മതരാഷ്ട്രമാക്കാൻ ശ്രമിച്ചിട്ടില്ല. ഇന്ത്യാചരിത്രത്തിൽ പ്രോജ്വലിക്കുന്ന രണ്ട് ഭരണാധികാരികളാണ് അശോക ചക്രവർത്തിയും അക്ബർ ചക്രവർത്തിയും.

പ്രാചീന കാലഘട്ടത്തിൽ ഇന്ത്യ ഭരിച്ചിരുന്ന അശോകൻ ബുദ്ധമതവിശ്വാസിയും അതിന്റെ പ്രചാരകനുമായിരുന്നു. മകൻ മഹീന്ദ്രനെയും മകൾ സംഘമിത്രയെയും ബുദ്ധമതപ്രചാരണത്തിനായി ശ്രീലങ്കയിലേക്കയച്ചതിലൂടെ അദ്ദേഹത്തിന്റെ മതപരമായ താൽപര്യം മനസ്സിലാക്കാവുന്നതാണ്. അദ്ദേഹം ഒരിക്കലും ഈ രാജ്യത്തെ ബുദ്ധമത രാഷ്ട്രമാക്കാൻ ശ്രമിച്ചില്ലെന്ന് മാത്രമല്ല എല്ലാ ധർമങ്ങളുടെയും സ്വതന്ത്ര വിഹാരത്തിന് അവസരമൊരുക്കുകയും ചെയ്തുവെന്നർഥം.

അക്ബർ ചക്രവർത്തി മധ്യകാലത്ത് രാജ്യം ഭരിച്ചിരുന്ന ഭരണാധികാരിയാണ്. മുസ്‌ലിമായ അദ്ദേഹം ഒരിക്കൽപോലും മതരാഷ്ട്രമാക്കാൻ ശ്രമിച്ചില്ല. എല്ലാ മതങ്ങളെയും അവയുടെ വിശ്വാസ ആചാരപ്രകാരം സ്വതന്ത്രമായ ജീവിതത്തിന് അവസരമൊരുക്കുകയായിരുന്നു അദ്ദേഹം. മതസംവാദത്തിനായി തൻെറ തലസ്ഥാനമായ പത്തേപൂർ സിക്രിയിൽ ഇബാദത്ത് ഖാന സ്ഥാപിച്ചു. ദീൻ ഇലാഹി എന്ന മതം സ്ഥാപിച്ചിട്ട് പോലും അദ്ദേഹം രാജ്യത്തെ ഔദ്യോഗിക മതമായി അതിനെ പ്രഖ്യാപിച്ചില്ല.

ഇന്ത്യയുടെ മധ്യകാലത്തെ ഇസ്‌ലാമിക കാലമെന്ന് വിലയിരുത്തിയിട്ട് പോലും ആ കാലഘട്ടത്തിലാണ് മറാത്തയും ഹൈന്ദവ സംസ്കൃതിയുടെ കേദാരമായ വിജയ നഗരവുമുണ്ടായത് എന്നോർക്കുക.

കേരളത്തിൽ കണ്ണൂർ ആസ്ഥാനമാക്കി അറക്കൽ രാജവംശവും ആലി രാജാക്കൻമാരും രാജ്യം ഭരിച്ചപ്പോഴും ഇസ്‌ലാമിക രാജ്യമാക്കിയില്ല, മലബാർ തീരദേശങ്ങളും മുസ്‌ലിം ഭൂരിപക്ഷമായ ലക്ഷദ്വീപും തങ്ങളുടെ അധീനതയിലായിട്ടും അവർ മതരാജ്യമാക്കാൻ ശ്രമിച്ചില്ല.




എന്നാൽ ഡൽഹി സുൽത്താൻമാരും മുഗൾ രാജാക്കൻമാരും മറ്റു ഭരണാധികാരികളും രാഷ്ട്രീയപരമായ ലക്ഷ്യങ്ങൾക്കായി യുദ്ധങ്ങളും കൊലപാതകങ്ങളും നടത്തിയിട്ടുണ്ടെന്നത് വിസ്മരിക്കന്നില്ല. പക്ഷേ, അതും മതരാഷ്ട്രമാക്കാനായിരുന്നില്ല. അതിനാൽ വംശീയ ധ്രുവീകരണത്തിനായി ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നാസീദർശനം കടമെടുത്ത് ബ്രിട്ടീഷുകാരുപയോഗിച്ചത് അനുധാവനം ചെയ്തു കൊണ്ട് സംഘപരിവാരങ്ങൾ കലുഷിതമാക്കുകയാണിവിടെ.

## ജാതീയതയിലേക്കുള്ള തിരിച്ചുപോക്ക്

ജാതീയതയും വർണവെറിയും അരങ്ങുവാണിരുന്ന കാലത്ത് വിദ്യാഭ്യാസം പോലും വിലക്കിയിരുന്നു. അക്ഷരാഭ്യാസം വിലക്കപ്പെടാൻ കാരണം സവർണ മേധാവിത്വമായിരുന്നു. അത്തരം അജ്ഞാന കാലത്തേക്കുള്ള തിരിച്ചുപോക്കിന് വേണ്ടിയാണോ സംഘപരിവാരം ചരിത്രത്തിൻമേൽ കൈവെക്കുന്നത്?

**ഡോ. സരിൻ പി:** ജമ്മുകാശ്മീരിലെ 370ാം വകുപ്പ് എടുത്തുകളഞ്ഞ് മനുഷ്യാവകാശ ലംഘനത്തിന് ആക്കംകൂട്ടുന്ന സമീപനം ഭരണകൂടം കൊണ്ടുവന്നത് ജാതി, മത, വർണ, വർഗങ്ങൾക്കനുസരിച്ച് ധ്രുവീകരണം ലക്ഷ്യമാ

ക്കിത്തന്നെയാണ്. അതിനായി പാഠപുസ്തകംവരെ തിരുത്തിയെഴുതാൻ അവർ ധൈര്യപ്പെട്ടു. പൗരത്വനിയമ ഭേദഗതി നടപ്പിലാക്കാൻ ശ്രമിക്കുന്നു. ഇതല്ലാം പഴയകാല ജാതി വ്യവസ്ഥയിലേക്കുള്ള കൂടുമാറ്റം തന്നെയാണ്.

### ഭരണകൂട സംവിധാനങ്ങളെ ദുരുപയോഗം ചെയ്യുംവിധം

മതാധിഷ്ഠിത രാഷ്ട്രനിർമിതിക്കായുള്ള ശ്രമം സംഘപരിവാരങ്ങളുടെ ഉദയം മുതലേ തുടങ്ങിയതാണ്. എന്നാൽ തീർത്തും ഭരണം കയ്യിലമർന്നപ്പോൾ ചരിത്രത്തെ തങ്ങളുടേതാക്കാനുള്ള ശ്രമത്തിന് എളുപ്പമാവുകയായിരുന്നു. അതിൽ വാജ്പേയി സർക്കാരിന്റെ ഇടപെടൽ എത്രത്തോളമാണ്?

**എം.ജെ ശ്രീചിത്രൻ:** ആർ.എസ്.എസിന്റ ആവിർഭാവം മുതലേ ഇന്ത്യൻചരിത്രത്തിന് മതത്തിന്റെ പരിവേഷം നൽകാൻ ശ്രമംനടന്നിരുന്നു. ഹിന്ദുചരിത്രമാണ് ഇന്ത്യയുടേതെന്നാണ് അവർ വാദിക്കാൻ ശ്രമിച്ചത്. അടൽ ബിഹാരി വാജ്പേയി സർക്കാർ അധികാരമേറ്റെടുത്തതോടെ അവരുടെ വാദമുഖങ്ങളെ സാധൂകരിക്കാനുള്ള ശ്രമങ്ങൾക്ക് ആക്കംകൂടുകയായിരുന്നു. ദേശീയ ചരിത്ര കൗൺസിലുകൾക്ക് കാവി വർണമേകാൻ അവർക്ക് കഴിഞ്ഞു. രാമക്ഷേത്രവും രാമജൻമഭൂമിയുമെല്ലാം ചരിത്രങ്ങളിലെ ഏടുകൾക്ക് വർണംപകർന്നു. ആൾക്കൂട്ട സംസാരങ്ങളും മിത്തുകളുമെല്ലാം ചരിത്രത്താളുകളിൽ ഇടംനേടി. ബ്രാഹ്മണിക് സംസ്കാരത്തിന്റ ആധിപത്യം സംസ്ഥാപിച്ചുതുടങ്ങി. മോദി സർക്കാർ പൗരത്വ നിയമങ്ങളിലൂടെയും അല്ലാതെയും മുസ്‌ലിംകളെയും ദളിതരെയും അപരവൽകരിക്കാൻ ശ്രമിച്ചു കൊണ്ടിരിന്നു.

> **ആർ.എസ്.എസിന്റ ആവിർഭാവം മുതലേ ഇന്ത്യൻചരിത്രത്തിന് മതത്തിന്റെ പരിവേഷം നൽകാൻ ശ്രമംനടന്നിരുന്നു. ഹിന്ദുചരിത്രമാണ് ഇന്ത്യയുടേതെന്നാണ് അവർ വാദിക്കാൻ ശ്രമിച്ചത്. അടൽ ബിഹാരി വാജ്പേയി സർക്കാർ അധികാരമേറ്റെടുത്തതോടെ അവരുടെ വാദമുഖങ്ങളെ സാധൂകരിക്കാനുള്ള ശ്രമങ്ങൾക്ക് ആക്കംകൂടുകയായിരുന്നു. ദേശീയ ചരിത്ര കൗൺസിലുകൾക്ക് കാവി വർണമേകാൻ അവർക്ക് കഴിഞ്ഞു. രാമക്ഷേത്രവും രാമജൻമഭൂമിയുമെല്ലാം ചരിത്രങ്ങളിലെ ഏടുകൾക്ക് വർണംപകർന്നു. ആൾക്കൂട്ട സംസാരങ്ങളും മിത്തുകളുമെല്ലാം ചരിത്രത്താളുകളിൽ ഇടംനേടി.**

### രാഷ്ട്രത്തിനുവേണ്ടി ത്യാഗംചെയ്ത മുസ്‌ലിംകൾ അപരരോ?

ചരിത്രത്തിന്റെ അപനിർമിതിയിലൂടെ ന്യൂനപക്ഷങ്ങളിലെ ഏറ്റവും വലിയ വിഭാഗമായ മുസ്‌ലിംകളെ അപരവൽകരിക്കാനാണ് സംഘപരിവാര ശ്രമം. ഇന്ത്യാമഹാരാജ്യത്തിന്റെ സാമ്പത്തിക, സാംസ്കാരിക പുരോഗതിയിൽ മുസ്‌ലിംസമൂഹം നൽകിയ സംഭാവനകളെ വിസ്മരിക്കാനാകുമോ? വൈദേശിക കൊളോണിയിൽ ശക്തികളിൽനിന്ന് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ചെയ്ത സേവനങ്ങളെന്തൊക്കെയാണ്? നൂറ്റാണ്ടുകളായി രാജ്യം ഭരിച്ച മുസ്‌ലിം ഭരണാധികാരികളിൽനിന്ന് രാജ്യവിരുദ്ധമായ സമീനങ്ങളുണ്ടായിരുന്നോ?

**റഷീദ് കുട്ടമ്പൂർ:** ഇന്ത്യാരാജ്യത്തിന്റെ മുന്നോട്ടുള്ള ഗമനങ്ങളിൽ ചരിത്രപരാമർശങ്ങളിലെവിടെയും സംഘപരിവാരങ്ങളുടെ ഒരു സംഭാവനയും കാണാനാവില്ല. വിദ്വേഷം, വെറുപ്പ് എന്നിവയുടെ പ്രചാരണങ്ങളേറ്റെടുത്ത് വൈദേശികശക്തികളുടെ അജണ്ട നടപ്പാക്കിയാണ് ചരിത്രത്തെ അവർ വഞ്ചിച്ചത്. രാജ്യത്തിന്റ പുരോഗതിയും സമാധാനവും സൗഹാർദവും തകർക്കുന്ന സമീപനമാണവർ സ്വീകരിച്ചത്.

എന്നാൽ ഇന്ത്യൻ മുസ്‌ലിംകൾ അവരുടെ വിശ്വാസ, ആചാര, അനുഷ്ഠാന രംഗങ്ങളിൽ നിഷ്കർഷത പുലർത്തുന്നതോടൊപ്പം തന്നെ രാജ്യത്തോടുള്ള പ്രതിബദ്ധത കാത്തുസൂക്ഷിച്ചിരുന്നു. 8 നൂറ്റാണ്ട് രാജ്യം ഭരിച്ചിരുന്ന മുസ്‌ലിം ഭരണാധികാരികൾ രാജ്യത്തിന്റെ എല്ലാം സംരക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു.

പിന്നീടു വന്ന ഡച്ച്, ബ്രിട്ടീഷ് ശക്തികൾ ഇന്ത്യയെ കൊള്ളയടിക്കുകയായിരുന്നു. ഭരണാധികാരികളെ വൈദേശിക ശക്തികൾക്കെതിരെ ഉൽബുദ്ധരാക്കിയത് മുസ്‌ലിംകളായിരുന്നുവെന്ന് കാണാം. ടിപ്പു സുൽത്താനും ഹൈദരലിയും വൈദേശികർക്കെതിരെ നിലകൊണ്ട ശക്തമായ ചെറുത്തുനിൽപ്പ് തങ്കലിപികളാൽ ഉല്ലേഖനം ചെയ്യപ്പെട്ടതാണ്.

ഇന്ത്യയുടെ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിലെ മുസ്‌ലിംകളുടെ പങ്ക് മനസ്സിലാകാൻ ഡൽഹിയിലെ ഇന്ത്യാഗെയ്റ്റ് കണ്ടാൽ മാത്രം മതി. 95300 സ്വാതന്ത്ര്യസമര പോരാളികളുടെ നാമങ്ങൾ അതിൽ

രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ 61945 പേരും മുസ്‌ലിംകളാണ്!

ഇന്ത്യൻ സ്വാതന്ത്ര്യ പോരാട്ടങ്ങളിൽ വൈദേശികളാൽ ആദ്യമായി തൂക്കിലേറ്റപ്പെട്ടത് അശ്ഫഖുല്ലാഹ് ഖാൻ എന്ന 27കാരനാണ്. മുകൾ സാമ്രാജ്യത്തിന്റെ അവസാന കണ്ണിയായ ബഹദൂർ ഷാ സഫർ ബ്രിട്ടീഷുകാരാൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ടപ്പോഴും അടിയറവുവെച്ചില്ല. ബ്രിട്ടീഷുകാർക്കെതിരെ സായുധ പോരാട്ടം പ്രഖ്യാപിച്ച് ഇന്ത്യൻ നാഷണൽ ആർമി രൂപീകരിച്ചിറങ്ങിയ നേതാജി സുഭാഷ് ചന്ദ്രബോസിന്റ സംരംഭങ്ങൾക്ക് അന്നത്തെ ഒരുകോടി രൂപ നൽകിയത് മേമൻ അബ്ദുൽ ഹബീബ് യൂസുഫ് മർഫാനി ആയിരുന്നു!

സാഹോദര്യം, സമാധാനം, സമത്വം എന്നിവ വിളംബരംചെയ്യുന്ന ഇന്ത്യൻ ദേശീയപതാക രൂപകൽപന ചെയ്തത് മിസിസ് സുരയ്യ ത്വയ്യിബ്ജി ആയിരുന്നു. സ്വതന്ത്ര ഇന്ത്യയുടെ ഒന്നാമത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന മൗലാനാ അബുൽ കലാം ആസാദിന്റെ ത്യാഗോജ്വലമായ രാഷ്ട്രസേവനം വിവരിക്കാൻ താളുകൾ മതിയാവില്ല. ബ്രിട്ടീഷ് വട്ടമേശ സമ്മേളനത്തിന് ഇന്ത്യൻ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട മൗലാന മുഹമ്മദലി ജൗഹറിന്റെ രാജ്യസ്നേഹത്തെ ചോദ്യംചെയ്യാൻ രാഷ്ട്രവിരുദ്ധ ശക്തികൾക്ക് മാത്രമെ സാധിക്കൂ. അദ്ദേഹത്തിന്റെ മാതാവ് ആബിദാ ബീഗം എന്ന ബിയുമ മക്കളെ രാജ്യരക്ഷയ്ക്കായി സജ്ജമാക്കിയതിന്റെ ത്യാഗങ്ങളെ വിസ്മരിക്കാനാവില്ല.

അങ്ങനെ ഇന്ത്യയുടെ ഹൃദയമിടിപ്പറിഞ്ഞ്, അതിന്റെ മുന്നേറ്റത്തിനും മോചനത്തിനുമായി ആത്മത്യാഗംചെയ്ത ഒരുസമൂഹത്തെ അപരവൽകരിക്കാൻ സംഘപരിവാരങ്ങളുടെ ചരിത്ര അപനിർമിതിക്ക് സാധ്യമല്ല തന്നെ.

### രാഷ്ട്രസേവനം മതപരമായ ബാധ്യത

ബ്രിട്ടീഷുകാരുടേത് കേവലം രാഷ്ട്രീയാധിനിവേശമായിരുന്നില്ല. മിഷണറി പ്രവർത്തനങ്ങൾ കൂടി അവർ ലക്ഷ്യമാക്കിയിരുന്നു. ആശയപരവും മതപരവും രാഷ്ട്രീയപരവുമായ അധിനിവേശത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള ഫത്‌വകൾ മുസ്‌ലിം പണ്ഡിതൻമാർ നൽകിയിരുന്നു. പഞ്ചാബുകാരനായ സിറാജുദ്ദീൻ സിയാൽകോട്ട് അദ്ദേഹത്തിന്റെ ഉറുദു രചനയായ 'രിസാലത്തു തഹ്‌രീരി'ലൂടെയും സൈനുദ്ദീൻ മഖ്ദൂം 'തുഹ്ഫത്തുൽ മുജാഹിദീനി'ലൂടെയും വക്കം മൗലവി അദ്ദേഹത്തിന്റെ 'അൽ അമീൻ,' 'സ്വദേശാഭിമാനി' പത്രങ്ങളിലൂടെയും മതപരമായി മുസ്‌ലിംകളെ ഉപദേശിച്ചു. അതിന്റെയൊക്കെ പ്രതിഫലനംകൂടിയാണ് ഇന്ത്യൻ മുസ്‌ലിംകൾ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽ മുന്നിൽ നിന്നത്.



1921ലെ മലബാർ ലഹളയും വാരിയം കുന്നത്ത് കുഞ്ഞഹമ്മദാജിയുടെ ധീരമായ പോരാട്ടവുമെല്ലാം ഫാഷിസ്റ്റുകൾ വികൃതമായി അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്. ഔട്ട്‌ലുക്ക് പ്രമാണബദ്ധമായി വസ്തുതകൾ വിവരിച്ച് ആ ധാരണകൾ തിരുത്തുന്നുണ്ട്. പാഠപുസ്തകങ്ങളിലും അക്കാദമിക സംവിധാനങ്ങളിലുമെല്ലാം കാവിവർണമേകി ചരിത്രത്തെ വക്രീകരിക്കാൻ ശ്രമിക്കുന്നതിനെ തുറന്നു കാട്ടുന്നുണ്ട്. കാവിഭീകരതയ്ക്ക് താത്വിക പരിവേഷം നൽകുന്നതിന്റ നിരർഥകത തുറന്നുകാണിക്കുന്നുണ്ട്. ബാബരി മസ്ജിദിന്റ ധ്വംസനവും രാമക്ഷേത്ര നിർമാണവുമെല്ലാം തകൃതിയായി നടക്കുന്ന ഇന്നിന്റ സാഹചര്യങ്ങളെ അവധാനയോടെ നേരിടേണ്ടതിന്റെ പ്രായോഗികരൂപം വിവരിക്കുന്നുണ്ട്. ഏകീകൃത സിവിൽകോഡിലൂടെ രാജ്യത്തിന്റ വൈവിധ്യമാർന്ന സംസ്‌കൃതിയുടെ ഉന്നതബോധത്തെ ഇല്ലായ്മ ചെയ്യാൻ ഫാഷിസം അജണ്ടയൊരുക്കുന്നതിനെ തുറന്നുകാണിക്കുന്നുണ്ട്. സ്വാതന്ത്ര്യസമര പോരാട്ട ചരിത്രം തിരുത്തുന്ന സംഘ പരിവാരങ്ങളുടെ വെറുപ്പിന്റ രാഷ്ട്രീയം വിതയ്ക്കുന്ന അതിഭീകരതയിൽ രാജ്യത്തിന്റെ സ്ഥൈര്യം നഷ്ടപ്പെടുന്നതിനെ ചോദ്യംചെയ്യുന്നുണ്ട്. ഫാഷിസത്തിനെതിരെയുള്ള ധൈഷണികവും വൈജ്ഞാനികവുമായ ചെറുത്തുനിൽപ് അനിവാര്യമായ ഈ ഘട്ടത്തിൽ ഔട്ട്‌ലുക്ക് 3.0ൽ നിന്ന് ഏറെ പഠിക്കാനുണ്ട്.

ഉമ്മു ഹംദ പറവണ്ണ
mail@nerpatham.com



# മലപ്പുറം മഹിമ



മലയാള മണ്ണിനെ മഹനീയമാക്കിയ
മലനാടിന്നഭിമാനമായ മക്കൾ!
മഹാമാരി മറനീക്കി മണൽക്കാട് താണ്ടിയോർ
മരണം മണത്ത മഹാദുരന്തം!
പൊട്ടിപ്പിളർന്നൊരു കൂറ്റൻവിമാനത്തിൻ
അരികിലേക്കോടി പതറിടാതെ!
പെട്ടെന്നു തീയാളിപ്പടരുമെന്നുള്ളൊരു
പേടിയില്ലാതവർ പാഞ്ഞടുത്തു.
ചോരയിൽ ചിതറിക്കിടക്കുന്ന സഹജർതൻ
ചിത്രങ്ങളൊപ്പാൻ തുനിഞ്ഞതില്ല!
ചുരുങ്ങിയ നേരമിൽ ചിട്ടയായ് കാര്യങ്ങൾ
ചെയ്തവർ ചരിതം കുറിച്ചെടുത്തു!
ദീനമായ് കരയുന്ന ജീവനെ രക്ഷിക്കാൻ
വാരിയെടുത്തുകൊണ്ടോടി വേഗം!
കിട്ടിയ വണ്ടികളേതെന്നു നോക്കാതെ
കേറ്റുന്നു, വണ്ടി കുതിച്ചിടുന്നു!
കൂട്ടിപ്പിടിച്ചുകൊണ്ടാശ്വാസമേകുന്നു
കോവിഡ് പടരുന്ന പേടിയില്ല!
തോരാമഴയത്ത് ബ്ലഡ് ബാങ്കിൻ മുന്നിലും
അണിയായ് നിന്നവർ, അർധരാത്രി!
തട്ടിപ്പറിച്ചില്ല, കൊള്ളയടിച്ചില്ല
കട്ടെടുക്കാനും തുനിഞ്ഞതില്ല!
മലപോലെ വന്നത് മഞ്ഞുപോലാക്കുവാൻ
മലപ്പുറം മക്കൾ കൈകോർത്തുനിന്നു!
മത, ജാതി നോക്കാതെ മാതൃകയായപ്പോൾ
മാലോകർ മന്ത്രിച്ചു, ശ്ലാഘനീയം!

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com



ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ 30



# സ്‌നേഹവായ്പ്

സ്‌നേഹവായ്പിന്റെ മഹത്ത്വമറിയിക്കുന്ന, ഇമാം റാഗിബിന്റെ ഏതാനും വരികളുടെ മൊഴിമാറ്റം ഇവിടെ നൽകുന്നു. അദ്ദേഹം പറഞ്ഞു: "ജനങ്ങൾ പരസ്പരം സ്‌നേഹിക്കുകയും സ്‌നേഹോഷ്മളമായി വർത്തിക്കുകയും ചെയ്തിരുന്നുവെങ്കിൽ നീതിക്കുപകരം അവർക്ക് സ്‌നേഹം മതിയാകുമായിരുന്നു. സ്‌നേഹത്തിന്റെ പ്രതിനിധിയാണ് നീതി എന്നു പറയപ്പെട്ടിട്ടുണ്ട്. അഥവാ സ്‌നേഹം കാണപ്പെടാത്തിടത്ത് നീതി പ്രയോഗിക്കപ്പെടും. അതിനാലാണ് ആദർശബന്ധുക്കൾക്കിടയിൽ സ്‌നേഹം ഉണ്ടാക്കിയതിലൂടെയുള്ള അനുഗ്രഹത്തെ അല്ലാഹു മഹത്തരമായി എണ്ണിയത്. അല്ലാഹു പറയുന്നു: 'വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് പരമകാരുണികൻ സ്‌നേഹമുണ്ടാക്കി കൊടുക്കുന്നതാണ്; തീർച്ച' (ക്വുർആൻ 19:96).

'വുദ്ദ്' എന്നാൽ ഹൃദയങ്ങളിൽ സ്നേഹം എന്നാണ് അർഥം. സ്നേഹമാണ് ഗാംഭീര്യത്തെക്കാൾ ഉത്തമമായത്. കാരണം ഗാംഭീര്യം അകറ്റും; സ്നേഹം അടുപ്പിക്കും. സ്നേഹത്താലുള്ള അനുസരണമാണ് ഭീതിയാലുള്ള അനുസരണത്തെക്കാൾ ശ്രേഷ്ഠകരം എന്നു പറയപ്പെട്ടിട്ടുണ്ട്. കാരണം സ്നേഹത്താലുള്ള അനുസരണം മനസ്സിൽ നിന്നാണ്. ഭീതിയാലുള്ള അനുസരണമാകട്ടെ ഉപരിപ്ലവവുമാണ്. അതാകട്ടെ, അതിന്റെ കാരണം നീങ്ങിയാൽ നീങ്ങുകയും ചെയ്യും. പരസ്പരം സ്നേഹിക്കുന്ന എല്ലാ ജനവിഭാഗങ്ങളും പരസ്പരം ബന്ധം ചാർത്തും. പരസ്പരം ബന്ധം ചാർത്തിയാൽ അന്യോന്യം സഹകരിക്കും. അന്യോന്യം സഹകരിച്ചാൽ അവർ അധ്വാനിക്കും. അവർ അധ്വാനിച്ചാൽ സംസ്കരിക്കപ്പെടും. അവർ സംസ്കരിക്കപ്പെട്ടാൽ അഭിവൃദ്ധിപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്യും''(അദ്ദരീഅഃ ഇലാ മകാരിമിശ്ശരീഅ).

'അല്ലാഹു ഇഷ്ടപ്പെടുകയും വിശ്വാസികളിൽ അവരോട് സ്നേഹം ജനിപ്പിക്കുകയും ചെയ്യും' എന്നാണ്, 'വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് പരമകാരുണികൻ സ്നേഹമുണ്ടാക്കി കൊടുക്കുന്നതാണ്; തീർച്ച' എന്ന വചനത്തിന്റെ വിവരണത്തിൽ സഈദ് ഇബ്നു ജുബൈർ(റഹി) പറഞ്ഞത്.

ഇബ്നുഅബ്ബാസ്ﷺ പറഞ്ഞു: 'ഇഹലോകത്ത് ജനങ്ങളിൽ സ്നേഹം ഉണ്ടാക്കും.' ഇമാം മുക്വാതിൽ(റഹി) പറഞ്ഞു: 'വിശ്വാസികളുടെ ഹൃദയങ്ങളിൽ അവരോട് സ്നേഹം ഉണ്ടാക്കും. അങ്ങനെ അവർ അവരെ ഇഷ്ടപ്പെടും.'

പൂർവസൂരികളുടെ ഈ വിവരണങ്ങളെല്ലാം അറിയിക്കുന്നത് സ്നേഹിക്കുന്നതിന്റെയും സ്നേഹം പകരുന്നതിന്റെയും മഹത്ത്വവും പ്രാധാന്യവുമാണ്. എന്നാൽ, സ്നേഹവായ്പുകളും പ്രകടനങ്ങളും കേവലം ഭൗതികലാഭങ്ങൾക്കും സങ്കുചിത താൽപര്യങ്ങൾക്കുമാകരുത്. പ്രത്യുത അല്ലാഹുവിന്റെ ദീനിന്റെ വിഷയത്തിലും ആദർശനിഷ്ഠയുടെ വിഷയത്തിലുമായിരിക്കണം. ഇബ്നു അബ്ബാസ്ﷺ പറയുന്നു:

"ഒരാൾ അല്ലാഹുവിനു വേണ്ടി സ്നേഹിച്ചു, അല്ലാഹുവിനു വേണ്ടി വെറുത്തു, അല്ലാഹുവിനു വേണ്ടി മൈത്രി വെച്ചുപുലർത്തി, അല്ലാഹുവിനു വേണ്ടി വിരോധം വെച്ചുപുലർത്തി. അപ്പോൾ അതിലൂടെയാണ് അല്ലാഹുവിന്റെ അടുപ്പം നേടിയെടുക്കപ്പെടുന്നത്. മുഴുജനങ്ങളുടെയും സാഹോദര്യബന്ധം ഇന്ന് ഐഹികമായ കാര്യങ്ങൾക്കായിരിക്കുന്നു. അതാകട്ടെ അതിന്റെ വക്താക്കൾക്ക് യാതൊരു ഉപകാരവും ചെയ്യില്ല" (ഇബ്നുജരീർ ത്വബ്രിയും മുഹമ്മദ് ഇബ്നു നസ്ർ അൽമർവസിയും നിവേദനം ചെയ്തതായി ഇബ്നുഅബ്ദിൽബർറ്- ജാമിഉൽഉലൂമി വൽഹികം).

നബിﷺ പറഞ്ഞതായി അബൂഉമാമﷺയിൽനിന്നു നിവേദനം: "ഒരാൾ അല്ലാഹുവിനു വേണ്ടി സ്നേഹിച്ചു, അല്ലാഹുവിനു വേണ്ടി വെറുത്തു, അല്ലാഹുവിനുവേണ്ടി നൽകി, അല്ലാഹുവിന് വേണ്ടി തടഞ്ഞു എങ്കിൽ അവന്റെ വിശ്വാസം (ഈമാൻ) പരിപൂർണമായി" (സുനനുഅബീദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).


സ്നേഹവായ്പുകൾ അല്ലാഹുവിനുവേണ്ടിയാകുമ്പോഴാണ്, അഥവാ അവന്റെ പ്രീതിക്കും അവനു വഴിപ്പെടുന്ന മാർഗേണയുമാകുമ്പോഴാണ് അതിനാൽ ഫലംകൊയ്യുവാനും ഉപകാരംനേടുവാനും സാധിക്കുക. ഒരു തിരുമൊഴി ഇപ്രകാരമുണ്ട്:

അനസ് ഇബ്നു മാലികിﷺൽ നിന്ന് നിവേദനം: "മൂന്ന് കാര്യങ്ങൾ ഒരാളിൽ ഉണ്ടായിരുന്നാൽ അയാൾ സത്യവിശ്വാസത്തിന്റെ മാധുര്യം അനുഭവിക്കുന്നതാണ്; അല്ലാഹുവും അവന്റെ ദൂതനും മറ്റെല്ലാറ്റിനെക്കാളും അവന് പ്രിയങ്കരമായിരിക്കുക, അല്ലാഹുവിന് വേണ്ടി ഒരാൾ ഒരാളെ ഇഷ്ടപ്പെടുക, സത്യനിഷേധത്തിൽനിന്ന് തന്നെ അല്ലാഹു രക്ഷപ്പെടുത്തിയതിനുശേഷം അതിലേക്ക് തിരിച്ചുചെല്ലുന്നതിനെ തീയിലേക്ക് താൻ എടുത്തെറിയപ്പെടുന്നതുപോലെ വെറുക്കുക"(ബുഖാരി, മുസ്ലിം).

മറ്റൊരു റിപ്പോർട്ടിൽ 'ഒരാളും സത്യവിശ്വാസത്തിന്റെ മാധുര്യം അനുഭവിക്കുകയില്ല..." എന്നാണുള്ളത്.

അല്ലാഹുവിനു വേണ്ടി സ്നേഹിക്കുന്നതിന്റെ മഹത്ത്വങ്ങളറിയിക്കുന്ന തിരുമൊഴികൾ ധാരാളമാണ്. ഏതാനും ഹദീഥുകൾ ഇവിടെ നൽകുന്നു. അബുദ്ദർദാഇﷺൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു:

"അല്ലാഹു അന്ത്യനാളിൽ ഒരു വിഭാഗം ആളുകളെ ഉയിർത്തെഴുന്നേൽപിക്കുകതന്നെ ചെയ്യും, അവരുടെ മുഖങ്ങളിൽ പ്രകാശമുണ്ട്. മുത്തുകൾകൊണ്ടുള്ള മിമ്പറുകളിലായിരിക്കും അവർ. ജനങ്ങൾ അവരിലേക്ക് ആഗ്രഹംജനിച്ചു ചെല്ലും. അവരാകട്ടെ നബിമാരോ ശുഹദാക്കളോ അല്ല." അപ്പോൾ ഒരു ഗ്രാമീണ അറബി മുട്ടുകുത്തിയിരുന്നുകൊണ്ട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ അവരെ അറിയുന്നതിനുവേണ്ടി ഒന്നു വ്യക്തമാക്കിത്തരൂ." തിരുമേനിﷺ



പറഞ്ഞു: "അവർ അല്ലാഹുവിന്റെ മാർഗത്തിൽ പരസ്പരം സ്നേഹിച്ച, വ്യത്യസ്ത ദേശങ്ങളിൽ പെട്ടവരും വ്യത്യസ്ത ഗോത്രങ്ങളിൽ പെട്ടവരുമാണ്. അല്ലാഹുവിനെ സ്മരിക്കുവാൻ അവർ ഒരുമിച്ചുകൂടിയിരിക്കുന്നു. അവർ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്നു" (ത്വബ്റാനി. ഇമാം അൽമുൻദിരി ഹസനെന്ന് വിശേഷിപ്പിച്ചു. ഇമാം അൽഹയ്ഥമി ഹദീഥിന്റെ നിവേദകർവിശ്വസ്തരാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്).

അബൂഹുറയ്റ ﵁യിൽനിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "നിശ്ചയം, അല്ലാഹു അന്ത്യനാളിൽ പറയും: എന്റെ മഹത്ത്വത്തിൽ പരസ്പരം സ്നേഹിച്ചവർ എവിടെ? ഇന്നു ഞാൻ അവർക്ക് എന്റെ തണൽ നൽകും, ഇന്ന് എന്റെ തണലല്ലാത്ത മറ്റൊരു തണലും ഇല്ല"(മുസ്‌ലിം).

മുആദ് ഇബ്നുജബലി ﵁ൽനിന്ന് നിവേദനം; തിരുദൂതർ ﷺ പറയുന്നത് ഞാൻ കേട്ടു: "അല്ലാഹു പറഞ്ഞിരിക്കുന്നു: എന്റെ മഹത്ത്വത്തിൽ പരസ്പരം സ്നേഹിച്ചവർക്ക് പ്രകാശംകൊണ്ടുള്ള മിമ്പറുകളുണ്ട്. നബിമാരും ശുഹദാക്കളും അവരിലേക്ക് ആഗ്രഹപൂർവം ചെല്ലും" (സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

മുആദ് ഇബ്നുജബലി ﵁ൽനിന്ന് നിവേദനം; തിരുദൂതർ ﷺ പറഞ്ഞു: "അല്ലാഹു പറഞ്ഞു: എന്റെ മാർഗത്തിൽ പരസ്പരം സ്നേഹിക്കുന്നവർക്കും എന്റെ മാർഗത്തിൽ പരസ്പരം കൂടിയിരിക്കുന്നവർക്കും എന്റെ മാർഗത്തിൽ പരസ്പരം സന്ദർശിക്കുന്നവർക്കും എന്റെ മാർഗത്തിൽ പരസ്പരം ചെലവഴിക്കുന്നവർക്കും എന്റെ സ്നേഹം അനിവാര്യമായി"(അൽമുവത്ത്വഉ മാലിക്, അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

സ്നേഹിക്കുവാനും സ്നേഹം തുറന്നുപറയുവാനും തിരുനബി ﷺ കൽപിച്ചു. കേവല സ്നേഹ പ്രകടനം പോരെന്നും അത് തുറന്നറിയിക്കണമെന്നും പഠിപ്പിക്കപ്പെടുമ്പോൾ അതാണ് ബന്ധം സുദൃഢമാകുവാനും നിലനിൽക്കുവാനും കരണീയമെന്ന് അതിന്റെ പൊരുളായി അറിയിക്കുകകൂടി ചെയ്യുന്നു താഴെ നൽകുന്ന സംഭവം:

അനസ് ഇബ്നുമാലികി ﵁ൽനിന്ന് നിവേദനം: "ഒരു വ്യക്തി തിരുനബി ﷺ യുടെ അരികിലൂടെ നടന്നു. നബിയുടെ അടുക്കൽ (അന്നേരം) ഒരു വ്യക്തി ഇരിക്കുന്നുണ്ടായിരുന്നു. അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, അല്ലാഹുവാണെ സത്യം! ഈ വ്യക്തിയെ അല്ലാഹുവിന്റെ മാർഗത്തിൽ ഞാൻ സ്നേഹിക്കുന്നു.' അപ്പോൾ തിരുദൂതർ ﷺ പറഞ്ഞു: 'അത് നിങ്ങൾ അദ്ദേഹത്തോട് പറഞ്ഞുവോ?' അയാൾ പറഞ്ഞു: 'ഇല്ല.' നബി ﷺ പറഞ്ഞു: 'താങ്കൾ എഴുന്നേറ്റ് അതു പറയുക. നിങ്ങൾക്കിടയിൽ സ്നേഹം സുദൃഢമാകും.' അപ്പോൾ അയാൾ എഴുന്നേറ്റ് അയാളോടു പറഞ്ഞു: 'നിശ്ചയം, ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ താങ്കളെ ഇഷ്ടപ്പെടുന്നു-അല്ലെങ്കിൽ അല്ലാഹുവിനു വേണ്ടി ഞാൻ താങ്കളെ ഇഷ്ടപ്പെടുന്നു.' അപ്പോൾ അയാൾ പറഞ്ഞു: 'ഏതൊരുവന്റെ മാർഗത്തിലാണോ താങ്കൾ എന്നെ സ്നേഹിച്ചത് അവൻ(അല്ലാഹു) താങ്കളെ ഇഷ്ടപ്പെടട്ടെ" (മുസ്നദുഅഹ്മദ്, അർനാഊത്വ് സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

സ്നേഹിക്കുന്നതിന്റെ ചില ചരിത്ര മാതൃകകൾ ഇവിടെ ഉണർത്തൽ അനിവാര്യമാണ്. ഏതാനും സംഭവങ്ങൾ ഉദ്ധരിക്കാം:

"നബി ﷺ ഒരു പകലിൽ (യാത്ര) പുറപ്പെട്ടു. അദ്ദേഹം എന്നോടോ ഞാൻ അദ്ദേഹത്തോടോ സംസാരിക്കുന്നില്ല. അങ്ങനെ തിരുമേനി ബനൂക്വയ്നുക്വാഇന്റെ അങ്ങാടിയിലെത്തി. തിരുമേനി ഫാത്വിമ ﵂യുടെ വീട്ടുമുറ്റത്ത് ഇരുന്നു. തിരുമേനി ചോദിച്ചു: 'അവിടെ കുഞ്ഞുണ്ടോ? അവിടെ കുഞ്ഞുണ്ടോ?' അപ്പോൾ ഫാത്വിമ ﵂ കുട്ടിയെ കുറച്ചുനേരം പിടിച്ചുവെച്ചു. ഫാത്വിമ കുട്ടിയെ സുഗന്ധമാല ധരിപ്പിക്കുകയോ അല്ലെങ്കിൽ കുളിപ്പിക്കുകയോ ആണെന്ന് ഞാൻ വിചാരിച്ചു. കുട്ടി വേഗതയിൽ വന്നു. അങ്ങനെ തിരുമേനി കുട്ടിയെ അണച്ചുപൂട്ടുകയും ചുംബിക്കുകയും ചെയ്തു.

നബിﷺ പ്രാർഥിച്ചു: 'അല്ലാഹുവേ, ഈ കുഞ്ഞിനെ നീ ഇഷ്ടപ്പെടേണമേ. ഈ കുഞ്ഞിനെ ഇഷ്ടപ്പെടുന്നവരെയും നീ ഇഷ്ടപ്പെടേണമേ" (ബുഖാരി).

ഉസാമ ഇബ്നുസെയ്ദി﵁ൽനിന്ന് നിവേദനം: "നബിﷺ അദ്ദേഹത്തെയും ഹസനെയും എടുക്കുമായിരുന്നു. തിരുമേനി പറയും: 'അല്ലാഹുവേ, ഞാൻ ഇവർ രണ്ടുപേരെയും ഇഷ്ടപ്പെടുന്നു. അതിനാൽ നീ ഇവരെ ഇഷ്ടപ്പെടേണമേ"(ബുഖാരി).

മുആദ് ഇബ്നു ജബലി﵁ൽനിന്ന് നിവേദനം: "അല്ലാഹുവിന്റെ റസൂൽ അദ്ദേഹത്തിന്റെ കൈപിടിച്ചു. തിരുമേനി പറഞ്ഞു: 'മുആദ്, അല്ലാഹുവാണേ സത്യം! നിശ്ചയം, ഞാൻ താങ്കളെ ഇഷ്ടപ്പെടുന്നു. ഞാൻ താങ്കളോട് വസിയ്യത്ത് (ഉപദേശം) ചെയ്യുന്നു. മുആദ്, താങ്കൾ എല്ലാ നമസ്കാരത്തിനൊടുവിലും 'അല്ലാഹുവേ, നിന്നെ സ്മരിക്കുവാനും നിനക്ക് നന്ദിയർപ്പിക്കുവാനും നിനക്കുള്ള ആരാധന നന്നാക്കുവാനും നീ എന്നെ സഹായിക്കേണമേ' എന്നു പറയുന്നത് ഉപേക്ഷിക്കരുത്" (അൽഅദബുൽമുഫ്റദ്, അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

അബൂദർറി﵁നോട് അല്ലാഹുവിന്റെ തിരുദൂതൻﷺ പറഞ്ഞതായി ഇപ്രകാരമുണ്ട്: "അബൂദർറ്, താങ്കളെ ഞാൻ ദുർലബനായി കാണുന്നു. എനിക്ക് ഞാൻ ഇഷ്ടപ്പെടുന്നത് താങ്കൾക്കും ഞാൻ ഇഷ്ടപ്പെടുന്നു. താങ്കൾ രണ്ടാളുകളുടെ നേതൃപദവി ഏറ്റെടുക്കരുത്. യതീമിന്റെ ധനവും ഏറ്റെടുക്കരുത്" (മുസ്ലിം).

**സ്നേഹിക്കുവാനും സ്നേഹം തുറന്നുപറയുവാനും തിരുനബിﷺ കൽപിച്ചു. കേവല സ്നേഹ പ്രകടനം പോരെന്നും അത് തുറന്നറിയിക്കണമെന്നും പഠിപ്പിക്കപ്പെടുമ്പോൾ അതാണ് ബന്ധം സുദൃഢമാകുവാനും നിലനിൽക്കുവാനും കരണീയമെന്ന് അതിന്റെ പൊരുളായി അറിയിക്കുകകൂടി ചെയ്യുന്നു.**

അല്ലാഹുവിന്റെ മാർഗത്തിലുള്ള ഈ സ്നേഹം ഗുണകാംക്ഷാനിർഭരമായിരിക്കണം. ഒരു ഉത്തമ മാതൃക തൽവിഷയത്തിലുണ്ട്: അബൂദർറ്﵁ ഒരിക്കൽ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, താങ്കൾ എന്നെ ഗവർണറായി നിശ്ചയിക്കുന്നില്ലേ?' അപ്പോൾ തിരുമേനിﷺ തന്റെ കൈകൊണ്ട് എന്റെ ഇരുചുമലുകളിലും തട്ടി. ശേഷം തിരുമേനി പറഞ്ഞു: 'അബൂദർറ്, താങ്കൾ ദുർബലനാണ്. നേതൃപദവിയാകട്ടെ അമാനത്താണ്. അത് അന്ത്യനാളിൽ നിന്ദ്യതയും അപമാനവുമാണ്; നേതൃത്വം യഥാവിധം ഏറ്റെടുക്കുകയും അതിൽ തന്റെ മേൽ ബാധ്യതയായത് നിർവഹിക്കുകയും ചെയ്തവർക്കൊഴിച്ച്"(മുസ്ലിം).

അല്ലാഹുവിന്റെ മാർഗത്തിൽ സ്നേഹം പകരുന്നതിന്റെയും പ്രസ്തുത സ്നേഹത്താൽ സന്ദർശനം നടത്തുന്നതിന്റെയും മഹനീയ പ്രതിഫലവും ഫലവും അറിയിക്കുന്ന മറ്റൊരു സംഭവം അബൂഹുറയ്റ﵁യിൽ നിന്നും ഇപ്രകാരം നിവേദനമുണ്ട്. തിരുനബിﷺ പറഞ്ഞു:

"ഒരാൾ തന്റെ ഒരു സഹോദരനെ മറ്റൊരുനാട്ടിൽ സന്ദർശിക്കുവാൻ പുറപ്പെട്ടു. അപ്പോൾ അല്ലാഹു അയാളുടെ വഴിയെ ഒരു മലക്കിനെ നിരീക്ഷിക്കാനായി അയാളിലേക്കു നിയോഗിച്ചു. മലക്ക് അയാളുടെ അടുക്കൽ എത്തിയപ്പോൾ ചോദിച്ചു: 'താങ്കൾ എവിടേക്കാണ് ഉദ്ദേശിക്കുന്നത്?' അയാൾ പറഞ്ഞു: 'ഈ നാട്ടിൽ എന്റെ ഒരു സഹോദരനെ സന്ദർശിക്കുവാൻ.' മലക്ക് ചോദിച്ചു: 'താങ്കൾക്ക് ഉപകാരം ലഭിക്കുന്ന വല്ല അനുഗ്രഹവും താങ്കൾക്കായി അയാളുടെ പക്കലുണ്ടോ?' സന്ദർശകൻ പറഞ്ഞു: 'ഇല്ല, എങ്കിലും ഞാൻ അയാളെ അല്ലാഹുവിന്റെ മാർഗത്തിൽ ഇഷ്ടപ്പെടുന്നു.' മലക്ക് പറഞ്ഞു: 'ഞാൻ താങ്കളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു; താങ്കൾ അയാളെ ഇഷ്ടപ്പെട്ടതുപോലെ താങ്കളെ അല്ലാഹു ഇഷ്ടപ്പെട്ടിരിക്കുന്നു' (മുസ്ലിം).

അബൂഹുറയ്റ﵁യിൽ നിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ ആ അല്ലാഹുവാണെ സത്യം, നിങ്ങൾ വിശ്വാസികൾ ആകുന്നതുവരെ നിങ്ങളാരും സ്വർഗത്തിൽ പ്രവേശിക്കില്ല. നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നതുവരെ നിങ്ങൾ വിശ്വാസികളാവുകയുമില്ല. നിങ്ങൾ പ്രാവർത്തികമാക്കിയാൽ നിങ്ങൾക്കു പരസ്പരം സ്നേഹിക്കാവുന്ന ഒരു സംഗതി ഞാൻ അറിയിച്ചുതരട്ടെയോ? നിങ്ങൾ നിങ്ങൾക്കിടയിൽ സലാം വ്യാപിപ്പിക്കുക" (മുസ്ലിം).

ആഇശ﵂യിൽനിന്ന് നിവേദനം; അല്ലാഹുവിന്റെ തിരുദൂതർﷺ പറഞ്ഞു: "നിങ്ങൾ സമ്മാനങ്ങൾ കൈമാറുക, നിങ്ങൾ അന്യോന്യം സ്നേഹിക്കുക" (അൽഅദബുൽമുഫ്റദ്, അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

സമീർ മുണ്ടേരി
mundery@gmail.com

ലേഖനം



# അത് ഞാൻ തന്നെയാണോ?

ആ മരണവാർത്ത വല്ലാതെ വേദനിപ്പിച്ചു. പലപ്പോഴും അദ്ദേഹത്തിന്റെ സ്നേഹംനിറഞ്ഞ പെരുമാറ്റവും സംസാരവും മനസ്സിനെ വല്ലാതെ സ്വാധീനിച്ചിരുന്നു. പ്രതീക്ഷിക്കാത്ത സമയത്താണല്ലോ മരണം വരിക.

അയാളുടെ മരണവാർത്ത പതിയെ എല്ലാവരും അറിഞ്ഞു തുടങ്ങി. നല്ലതല്ലാതെ അയാളെക്കുറിച്ച് ഒന്നും ആരും പറയുന്നില്ല. ഒരുതവണ മാത്രം അദ്ദേഹത്തെ കണ്ടവരും പരിചയപ്പെട്ടവരും അയാളുടെ നന്മകൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അല്ലാഹു അദ്ദേഹത്തിന് സ്വർഗം നൽകട്ടെ...

ഈ മരണം മനസ്സിലേക്കിട്ടുതന്ന രണ്ടു ചിന്തകൾ പങ്കുവെക്കണം എന്നു തോന്നി: നാം മരണപ്പെട്ടാൽ എന്തായിരിക്കും ചുറ്റുമുള്ളവർ പറയുക? മറ്റുള്ളവർക്ക് പറയാൻ നന്മകൾ ഏറെ ചെയ്തിട്ടുണ്ടെങ്കിലും സ്രഷ്ടാവിന്റെ മുമ്പിൽ ആ നന്മകൾ എല്ലാം നമുക്ക് ലഭിക്കുമോ?

## അവരുടെ കണ്ണിലെ നാം?

മറ്റുള്ളവർക്ക് മുമ്പിൽ നാം മാന്യന്മാരാണ്, അല്ലേ? പെരുമാറ്റം, വാക്കുകൾ, നോട്ടം എല്ലാം മനോഹരം. നമ്മുടെ സംസാരം കേൾക്കുന്നവർക്ക് ഈമാൻ വർധിക്കുന്ന വാക്കുകൾ പോലും സമ്മാനിക്കാൻ കഴിയുന്നവരാണ് നാം. ചിലപ്പോൾ നമ്മുടെ കൂടെയിരിക്കാൻ കൊതിക്കുന്നവർ പോലുമുണ്ടാകും.

## കണ്ണാടിക്കു മുന്നിലെ നാം?

മറ്റുള്ളവർക്ക് മുന്നിലെ നാം തന്നെയാണോ ഒരു കണ്ണാടിക്ക് മുന്നിലും നമ്മൾ? ചുറ്റിലുമുള്ളവർ നമുക്ക് പകുത്തുതരുന്ന സ്നേഹത്തിനും പരിഗണനക്കും യഥാർഥത്തിൽ നാം അർഹരാണോ? അവർ നമ്മിൽ കാണുന്ന ആത്മാർഥത ജീവിതത്തിൽ നമുക്കുണ്ടോ?

നബിﷺയുടെ ജീവിതത്തിന്റെ അകവും പുറവും ഒരു പോലെയായിരുന്നു. അതാണ് ഇസ്‌ലാമിന്റെ ആരംഭത്തിൽ നബിﷺയുടെ ശത്രുവായിരുന്ന അബൂസുഫ്‌യാൻ ഹിർഖൽ ചക്രവർത്തിക്ക് മുമ്പിൽ മുഹമ്മദ് നബിﷺയെ പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹം സത്യസന്ധനാണ്, ബന്ധം ചേർക്കുന്നവനാണ് എന്നെല്ലാം പറയാൻ കാരണം.

ബനൂഇസ്റാഈല്യരിൽ പെട്ട ജുറൈജിന്റെ കഥ മുഹമ്മദ് നബിﷺ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ആരാധനകളിൽമുഴുകി ജീവിച്ച അദ്ദേഹത്തെ നിമിഷനേരം കൊണ്ട് ആളുകൾ എതിർക്കുന്ന അവസ്ഥയുണ്ടായി. അദ്ദേഹത്തിന്റെ ആശ്രമം ആളുകൾ തല്ലിപ്പൊളിച്ചു. ആളുകളുടെ മുമ്പിൽ അദ്ദേഹം തോന്നിവാസം പ്രവർത്തിച്ചവനായി കുറച്ചു സമയം അറിയപ്പെട്ടെങ്കിലും അല്ലാഹുവിന്റെ മുമ്പിൽ അദ്ദേഹം പരമ പരിശുദ്ധനായിരുന്നു.

നമ്മളും ആഗ്രഹിക്കേണ്ടത് അല്ലാഹുവിന്റെ മുമ്പിലെ പരിശുദ്ധിയാണ്. അതിനായി പരിശ്രമിക്കുകയും വേണം. കണ്ണാടിക്ക് മുന്നിൽ നിന്ന് നമ്മെ നോക്കി പറയാൻ പറ്റണം മറ്റുള്ളവർക്ക് മുന്നിലുള്ള ഞാൻ തന്നെയാണ് എന്റെ സ്വകാര്യ ജീവിതത്തിലും എന്ന്. മറ്റുള്ളവർ അറിയാത്ത നന്മകളുണ്ടാവുകയും ചെയ്യട്ടെ.

“മറ്റുള്ളവർക്ക് മുന്നിലെ നാം തന്നെയാണോ ഒരു കണ്ണാടിക്ക് മുന്നിലും നമ്മൾ? ചുറ്റിലുമുള്ളവർ നമുക്ക് പകുത്തുതരുന്ന സ്നേഹത്തിനും പരിഗണനക്കും യഥാർഥത്തിൽ നാം അർഹരാണോ? അവർ നമ്മിൽ കാണുന്ന ആത്മാർഥത ജീവിതത്തിൽ നമുക്കുണ്ടോ?”

നമ്മുടെ പല നന്മകളും മറ്റുള്ളവർ അറിയുന്നുണ്ട്. അതു കുറ്റമൊന്നുമല്ല. കൂട്ടമായ് ചെയ്യേണ്ട ധാരാളം നന്മകളും ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ടല്ലോ. അവിടെയെല്ലാം നമ്മുടെ ഉദ്ദേശ്യം (നിയ്യത്ത്) നന്നാക്കുക എന്നതാണ് ശ്രദ്ധിക്കേണ്ടത്. എന്നാൽ മറ്റുള്ളവർക്ക് അറിയാത്ത, അല്ലാഹുവിനും നമുക്കും മാത്രം അറിയുന്ന ചില നന്മകളും നമുക്ക് ചെയ്യാൻ ശ്രമിച്ചുകൂടേ?

മുഹമ്മദ് നബിﷺയുടെ പൗത്രൻ ഹസൻؓവിന്റെ മകൻ സൈനുൽ ആബിദീൻ(റഹി) മദീനയിലെ പാവപ്പെട്ട ജനതക്ക് വീട്ടുപടിക്കൽ ഭക്ഷണം എത്തിക്കുമായിരുന്നു. ആരാണ് അത് നൽകുന്നതെന്ന് അവർ ഒരിക്കലും അറിഞ്ഞിരുന്നില്ല. സൈനുൽ ആബിദീൻ(റഹി) മരണപ്പെട്ടതിനെ തുടർന്ന് ഭക്ഷണം നിലച്ചപ്പോഴാണ് അവർക്ക് കാര്യം ബോധ്യമായത്. അദ്ദേഹത്തിന്റെ മൃതശരീരം കുളിപ്പിച്ചപ്പോൾ പുറത്ത് കറുത്ത തഴമ്പ് കണ്ടിരുന്നു. ഗോതമ്പുമാവ് ചുമന്നുകൊണ്ടുപോയതിന്റെ തഴമ്പായിരുന്നു അത്!

ആരുമറിയാതെ ചില നന്മകൾ നമുക്കും പ്രവർത്തിച്ചു തുടങ്ങാം. ഒന്നുകിൽ മറ്റുള്ളവരെ സഹായിച്ചിട്ടാകാം. അതിന് കഴിയാത്തവർക്ക് ആരാധനകൾകൊണ്ടാവാം. ലക്ഷ്യം മറക്കാതിരിക്കുക എന്നതാണ് പ്രധാനം. ജനിച്ചു എന്നതാണ് മരിക്കും എന്നതിന്റെ ഏറ്റവും വലിയ ഉറപ്പ്. മരണശേഷം നാം തനിച്ചാണ്. കർമങ്ങൾ മാത്രമാണ് കൂട്ടിനുണ്ടാവുക. മറ്റുള്ളവരുടെ മുമ്പിൽ എത്ര ശുദ്ധമായി ജീവിക്കണം എന്ന് മനസ്സ് കൊതിക്കുന്നോ അതിനെക്കാൾ റബ്ബിന്റെ മുമ്പിൽ വിശുദ്ധ ജീവിതം കാത്തുസൂക്ഷിക്കുക.

അബൂഹുറയ്റؓനിവേദനം: “ജനങ്ങളിൽ ഏറ്റവും മാന്യൻ ആരാണെന്ന് നബിﷺയോട് ചോദിക്കപ്പെട്ടു. അവിടുന്ന് പറയുകയുണ്ടായി: ‘അവരിൽ ഏറ്റവും സൂക്ഷ്മത പുലർത്തുന്നവനാകുന്നു...”(ബുഖാരി, മുസ്‌ലിം).

ഇബ്നുറജബ്(റഹി) പറഞ്ഞു: ‘മുൻഗാമികളിൽ ചിലർ പറഞ്ഞു: “ആർ അല്ലാഹുവിനെ സൂക്ഷിച്ചുവോ, അവൻ തന്റെ ശരീരത്തെ കാത്തുസൂക്ഷിച്ചു. ആർ അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കുന്നതിനെ പാഴാക്കിയോ, അവൻ തന്റെ ശരീരത്തെ പാഴാക്കിയിരിക്കുന്നു.’

ജീവിതം പാഴാക്കാതിരിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ. ●




## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 188 – ചോദ്യങ്ങൾ

1) ജെ.ഡി.ടി ഇസ്‌ലാം സ്ഥാപിതമായ വർഷം?
   (1) 1922 (2) 1927 (3) 1940

2) 2019ലെ കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന്റെ വാർഷികറിപ്പോർട്ട് അനുസരിച്ച് എത്ര സർക്കാർ അംഗീകൃത അനാഥാലയങ്ങൾ ഉണ്ട്?
   (1) 900 (2) 883 (3) 890

3) തിരൂരങ്ങാടി ഓർഫനേജ് നിലവിൽവന്ന വർഷം?
   (1) 1943 (2) 1960 (3) 1934

4) "...താങ്കൾ എല്ലാ നമസ്‌കാരത്തിനൊടുവിലും 'അല്ലാഹുവേ, നിന്നെ സ്മരിക്കുവാനും നിനക്ക് നന്ദിയർപ്പിക്കുവാനും നിനക്കുള്ള ആരാധന നന്നാക്കുവാനും നീ എന്നെ സഹായിക്കേണമേ' എന്നു പറയുന്നത് ഉപേക്ഷിക്കരുത്" എന്ന് നബി(സ്വ) പറഞ്ഞത് ആരോടാണ്?
   (1) ഇബ്‌നു ഉമർ(റ) (2) അബൂഹുറയ്‌റ(റ) (3) മുആദ് ഇബ്‌നു ജബൽ(റ)

5) 'അല്ലാഹുവിന്റെ ദൂതരേ, താങ്കൾ എന്നെ ഗവർണറായി നിശ്ചയിക്കുന്നില്ലേ?' എന്ന് ചോദിച്ച സ്വഹാബി?
   (1) അബൂദർറ്(റ) (2) ഉസാമ(റ) (3) അനസ്(റ)

6) "മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതന്മാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു"
   (1) ക്വുർആൻ 15:35 (2) ക്വുർആൻ 35:15 (3) ക്വുർആൻ 31:55

7) "തീർച്ചയായും ............... നരകത്തിന്റെ അടിത്തട്ടിലാകുന്നു. അവർക്കൊരു സഹായിയെയും നീ കണ്ടെത്തുന്നതല്ല" (ക്വുർആൻ 4:145).
   (1) മദ്യപാനികൾ (2) മജൂസികൾ (3) കപടവിശ്വാസികൾ

8) 'ഒടുവിൽ അദ്ദേഹം നബി(സ)യുടെ അടുത്ത അനുയായി ആയിത്തീർന്നു. പിൽക്കാലത്ത് ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്ക് ഇസ്‌ലാമിക സന്ദേശമെത്തിക്കാൻ നേതൃത്വം നൽകിയത് അദ്ദേഹമായിരുന്നു.' ആര്?
   (1) അംറുബ്‌നു ആസ്വ്(റ) (2) അബൂത്വൽഹ(റ) (3) ഉമർ(റ)

9) ഡൽഹിയിലെ ഇന്ത്യാഗെയ്റ്റിൽ 95300 സ്വാതന്ത്ര്യസമര പോരാളികളുടെ നാമങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ എത്ര മുസ്‌ലിംകളുടെ പേരുണ്ട്?
   (1) 54961 (2) 61945 (3) 61540

10) ബ്രിട്ടീഷുകാർക്കെതിരെ സായുധപോരാട്ടം പ്രഖ്യാപിച്ച് ഇന്ത്യൻ നാഷണൽ ആർമി രൂപീകരിച്ചിറങ്ങിയ നേതാജി സുഭാഷ് ചന്ദ്രബോസിന്റ സംരംഭങ്ങൾക്ക് അന്നത്തെ ഒരുകോടി രൂപ നൽകിയത്?
   (1) മൗലാനാ മുഹമ്മദലി (2) അബ്ദുൽ ഗഫാർ ഖാൻ (3) മേമൻ അബ്ദുൽഹബീബ് യൂസുഫ് മർഫാനി

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

പുനരാഖ്യാനം: റാഷിദ ബിൻത് ഉസ്മാൻ
mail@nerpatham.com

ബാലപഥം



# രാജാവും വൃദ്ധനും

ഒരിക്കൽ ഒരു രാജാവ് തന്റെ രാജ്യം മുഴുവൻ ചുറ്റിസഞ്ചരിക്കാൻ തീരുമാനിച്ചു. അങ്ങനെ അദ്ദേഹം നിരവധി സ്ഥലങ്ങൾ സന്ദർശിച്ചു. ഓരോ സ്ഥലത്തും രാജാവ് വരുമ്പോൾ അവിടെയുള്ള ആളുകളെല്ലാം അദ്ദേഹത്തെ കാണാൻ തിരക്കുകൂട്ടി.

യാത്രയ്ക്കിടയിൽ രാജാവ് ഒരു ഗ്രാമത്തിലെത്തി. രാജാവ് വരുന്നതിന്റെ വിളംബരം കേട്ട് ഗ്രാമവാസികളെല്ലാം തടിച്ചുകൂടി. ജനങ്ങളൊക്കെയും തന്നെ കാണുവാനും ആവശ്യങ്ങൾ പറയുവാനുമൊക്കെയായി തിരക്കുകൂട്ടുമ്പോൾ തന്നെ പരിഗണിക്കാത്ത ഒരാൾ രാജാവിന്റെ കണ്ണിൽപെട്ടു. അയാൾ ഒരു പാവപ്പെട്ട, വളരെ വയസ്സായ ഒരാളാണ്. അയാൾ രാജാവിനെ ശ്രദ്ധിക്കുന്നേയില്ല. അവിടെയുള്ള ബഹളമൊന്നും അയാൾ കേൾക്കാത്തപോലുണ്ട്! അയാൾ എന്തോ ജോലിയിൽ മുഴുകിയിരിപ്പാണ്. രാജാവ് ആ വൃദ്ധനെ തന്റ അടുത്തേക്ക് വിളിച്ചുവരുത്തി.

"എന്താണ് നിങ്ങൾ എന്നെ പരിഗണിക്കാത്തത്? ഈ രാജ്യം മുഴുവൻ ഭരിക്കുന്ന രാജാവായ എന്നെ ശ്രദ്ധിക്കാതിരിക്കുന്നതും ബഹുമാനിക്കാതിരിക്കുന്നതും എന്തുകൊണ്ടാണ്?" രാജാവ് അൽപം ദേഷ്യത്തോടെ ചോദിച്ചു.

അന്നേരം ആ വൃദ്ധൻ ശാന്തനായിക്കൊണ്ട് പറഞ്ഞു: "കുറെ കാലം മുമ്പ് ഈ നാട്ടിൽ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഒരിക്കൽ ഈ പ്രദേശം സന്ദർശിക്കുകയുണ്ടായി. ആ സമയത്ത് ജനങ്ങളെല്ലാം അദ്ദേഹത്തെ കാണാൻ തടിച്ചുകൂടിയിരുന്നു. എന്നാൽ ഇവിടെ വെച്ച് അദ്ദേഹത്തെ ഒരു പകർച്ചവ്യാധി ബാധിക്കുകയും ഏതാനും ദിവസങ്ങൾക്കകം മരണപ്പെടുകയും ചെയ്തു. പകരുന്ന രോഗമായതിനാൽ ഇവിടെ അടുത്തുള്ള ഒരു സ്ഥലത്തുതന്നെ അദ്ദേഹത്തെ മറവുചെയ്തു. അന്നു തന്നെ ഒരു സാധുമനുഷ്യനും മരണപ്പെടുകയുണ്ടായി. രാജാവിന്റെ ക്വബ്റിനടുത്തായി അയാളെയും അടക്കംചെയ്തു. ഒരു വർഷത്തിനു ശേഷം അവിടെ ഒരു വലിയ വെള്ളപ്പൊക്കമുണ്ടായി. രാജാവിന്റെയും സാധുമനുഷ്യന്റെയും ക്വബ്റുകൾ കുത്തിയൊലിച്ചു. രണ്ടുപേരുടെയും കുറെ എല്ലുകൾ ഒരുഭാഗത്ത് അടിഞ്ഞുകൂടി. അവയിൽ രാജാവിന്റെ എല്ലുകൾ ഏതാണ്, പാവപ്പെട്ട സാധാരണക്കാരനായ മനുഷ്യന്റെ എല്ലുകൾ ഏതാണ് എന്നൊന്നും തിരിച്ചറിയാത്ത അവസ്ഥ! അത് കണ്ടതിനുശേഷം രാജാവാണെന്നോ യാചകനാണെന്നോ ഒന്നും ഞാൻ പരിഗണിക്കാറേയില്ല."

രാജാവിനെ ദേഷ്യം പിടിപ്പിക്കുന്ന ഈ വാക്കുകൾ കേട്ട് ജനങ്ങളെല്ലാം ഭയപ്പെട്ടു. വൃദ്ധനെ രാജാവ് എന്തെങ്കിലും ചെയ്യുമോ? എന്നാൽ വൃദ്ധന്റെ വാക്കുകൾ കേട്ട രാജാവിന്റെ തല താഴുകയാണുണ്ടായത്.

"താങ്കൾ എന്റെ കണ്ണുതുറപ്പിച്ചിരിക്കുന്നു. താങ്കൾ പറഞ്ഞതുതന്നെയാണ് സത്യം. മരിച്ചുകഴിഞ്ഞാൽ രാജാവും യാചകനുമെല്ലാം ഒരുപോലെയാണ്. സമ്പത്തും പദവികളുമെല്ലാം താൽക്കാലികമാണ്. ഏതു നിമിഷവും അവ ഇല്ലാതായേക്കാം. രാജാവു മരിച്ചാലും യാചകൻ മരിച്ചാലും മണ്ണിലാണ് അടക്കംചെയ്യുന്നത്. പിന്നെ എന്തിന് നാം അഹങ്കരിക്കണം" ഇത്രയും പറഞ്ഞു രാജാവ് ആ വൃദ്ധനെ കെട്ടിപ്പിടിച്ചു. അന്നേരം രാജാവിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

കൂട്ടുകാരേ, രാജാവാണെങ്കിലും മന്ത്രിയാണെങ്കിലും സാധാരണക്കാരനാണെങ്കിലും എല്ലാവരും ഒരുനാൾ മരിക്കും. ആരുതന്നെ മരിച്ചാലും മണ്ണിലാണ് മറവുചെയ്യുക. അതിനാൽ ഒന്നിന്റെ പേരിലും ആരും അഹങ്കരിക്കാൻ പാടില്ല.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി
വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ്

# നേർപഥം MEGA Online Quiz

zameel



## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 186

**ഒന്നാം സമ്മാനം:**
Fathima P, Kodiyathur PO, Kozhikode

**രണ്ടാം സമ്മാനം:**
Fahmi Fathima PK, Edarikode, Kuttippala PO, Malappuram

**മൂന്നാം സമ്മാനം:**
Mohammed Fayiz, Kadavanad, Ponnani

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 AUGUST 22

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

# ONLINE നേർപഥം Quiz MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**

**രണ്ടാം സമ്മാനം ടാബ്‌ലെറ്റ്..!!**

**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**

**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**

**കൂടാതെ ശരിയുത്തരമയക്കുന്ന**

**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

QR കോഡ് സ്കാൻ ചെയ്യുക

zameel the soulmate

വിശദവിവരങ്ങൾക്ക് നേർപഥം വെബ്സൈറ്റോ സമീൽ ഓൺലൈൻ ലൈബ്രറിയോ സന്ദർശിക്കുക

**എല്ലാ ഞായറാഴ്ചയും 10 AM മുതൽ ശനിയാഴ്ച 12 AM വരെ ഉത്തരമയക്കാൻ അവസരം...!!**

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**